ASHTAKAVIMSATI.

അഷ്ടകവിംശതി
മൂന്നാം ഭാഗം.

ആശ്വിനെയാഷ്ടകം

ഹരിഃ ശ്രീഗണപതയെ നമഃ
അവിഘ്നമസ്തു.

൧. ലൊകെശസൃഷ്ടിവൈചക്ഷീവിജ്ഞാപകതനൂഭൃതൌ। നാ
സത്യൌദെവതാവൈദ്യാവാശ്വിനെയൌസദാഭജെ॥

അന്വയം — അഹം- ലൊകെശസൃഷ്ടിവൈചക്ഷീവിജ്ഞാപകതനൂഭൃതൌ- ദെവതാവൈദ്യൌ- നാസത്യൌ- ആശ്വിനെയൌ- സദാ- ഭജെ-

അന്വയാൎത്ഥം — ഞാൻ ലൊകെശസൃഷ്ടി വൈചക്ഷീവിജ്ഞാപകതനൂഭൃത്തുകളായി ദെവതാവൈദ്യന്മാരായിരിക്കുന്ന ആശ്വിനെയന്മാരെ എല്ലായ്പൊഴും ഭജിക്കുന്നു.

പരിഭാഷാ — ലൊകെശ സൃഷ്ടിവൈചക്ഷീവിജ്ഞാപകതനൂഭൃത്തുകൾ= ലൊകെശ സൃഷ്ടിവൈചക്ഷീ വിജ്ഞാപികയായിരിക്കുന്ന തനുവിനെ ഭരിക്കുന്നവർ- ലൊകെശസൃഷ്ടിവൈചക്ഷീ വിജ്ഞാപികാ= ലൊകെശസൃഷ്ടിവൈചക്ഷിയെ വിജ്ഞാപിപ്പിക്കുന്നത- ലൊകെശസൃഷ്ടിവൈചക്ഷീ= ലൊകെശന്റെ സൃഷ്ടിവൈചക്ഷീ- ലൊകെശൻ=ബ്രഹ്മാവ- സൃഷ്ടിവൈചക്ഷീ= സൃഷ്ടിചാതുൎയ്യം- വിജ്ഞാപിപ്പിക്ക= നല്ലവണ്ണം അറിയിക്ക- തനൂ= ശരീരം- ദെവതാവൈദ്യന്മാർ= ദെവവൈദ്യന്മാർ- നാസത്യന്മാർ= അസത്യത്തൊടുകൂടാത്തവർ- ആശ്വിനെയന്മാർ= അശ്വിനിദെവന്മാർ- ഭജിക്ക=സെവിക്ക-

സാരം — ഞാൻ ബ്രഹ്മാവിന്റെ സൃഷ്ടിചാതുൎയ്യത്തെ വഴിപൊലെ അറിയിപ്പിക്കുന്നതായ ശരീരത്തെ ഭരിക്കുന്നവരായിയും ദെവവൈദ്യന്മാരായിയും അസത്യത്തൊടുകൂടാത്തവരായിയുമിരിക്കുന്ന അശ്വിനിദെവന്മാരെ എല്ലാസമയവും സെവിക്കു

൨. അന്യോന്യനിഭസൌഭാഗ്യൌ ബൃഹദ്ഭൈഷജ്യശോഭി
നൌ। ആതങ്കപങ്കതപസാവാശ്വിനേയൌ സദാഭജേ।

അന്വയം— അഹം- അന്യോന്യനിഭസൌഭാഗ്യൌ-ബൃഹദ്ഭൈഷജ്യശോഭിനൌ- ആതങ്കപങ്കതപസൌ- ആശ്വിനേയൌ-സദാ-ഭജേ-

അന്വയാൎത്ഥം—ഞാൻ അന്യോന്യനിഭസൌഭാഗ്യന്മാരായി ബൃഹദ്ഭൈഷജ്യശോഭികളായി ആതങ്കപങ്കതപസ്സുകളായിരിക്കുന്ന ആശ്വിനേയന്മാരെ എല്ലായ്പ്പോഴും ഭജിക്കുന്നു.

പരിഭാഷാ— അന്യോന്യനിഭസൌഭാഗ്യന്മാർ=അന്യോന്യനിഭമായിരിക്കുന്ന സൌഭാഗ്യത്തോടു കൂടിയവർ. അന്യോന്യനിഭം=പരസ്പരസദൃശം. സൌഭാഗ്യം=സൌന്ദൎയ്യം. ബൃഹദ്ഭൈഷജ്യശോഭികൾ=ബൃഹദ്ഭൈഷജ്യംഹേതുവായിട്ടശോഭിക്കുന്നവർ.ബൃഹദ്ഭൈഷജ്യം=ബൃഹത്തുകളുടെ ഭൈഷജ്യം.ബൃഹത്തുകൾ=ദേവന്മാർ. ഭൈഷജ്യം=ഭിഷക്കുകളാവു എന്നുള്ളത. ഭിഷക്കുകൾ=വൈദ്യന്മാർ. ആതങ്കപങ്കതപസ്സുകൾ=ആതങ്കപങ്കത്തിന്ന തപസ്സുകൾ. ആതങ്കപങ്കം=ആതങ്കമാകുന്ന പങ്കം. ആതങ്കം=വ്യാധി. പങ്കം=ചെറ. തപസ്സുകൾ=ഗ്രീഷ്മൎത്തുക്കൾ. (ശേഷം മേൽ പ്രകാരം.)

സാരം—ഞാൻ ഒന്നിനോടും ഉപമിച്ചുകൂടാത്തതായിരിക്കുന്ന സൌന്ദൎയ്യത്തോടു കൂടിയവരായിയും ദേവവൈദ്യത്വം ഹേതുവായിട്ടു ശോഭിക്കുന്നവരായിയും ഗ്രീഷ്മകാലം ചെറിനെ ഉണക്കുന്നതുപോലെ സകലവ്യാധികളെയും ഉണക്കുന്നവരായിയുമിരിക്കുന്ന അശ്വിനീദേവന്മാരെ എല്ലാസമയവും സേവിക്കുന്നു.

൩. നളിനാശുഗസംകാശൌ നളിനായതലോചനൌ। ദക്ഷ
ശിഷ്യൌ ഭിഷക്ശ്ലാഘ്യാവാശ്വിനേയൌ സദാഭജേ॥

അന്വയം—അഹം- നളിനാശുഗസംകാശൌ-നളിനായതലോചനൌ-ദക്ഷശിഷ്യൌ-ഭിഷക്ശ്ലാഘ്യൌ-ആശ്വിനേയൌ-സദാ-ഭജേ-

അന്വയാൎത്ഥം—ഞാൻ നളിനാശുഗസംകാശന്മാരായി നളിനായതലോചനന്മാരായി ദക്ഷശിഷ്യന്മാരായി ഭിഷക്ശ്ലാഘ്യന്മാരായിരിക്കുന്ന ആശ്വിനേയന്മാരെ എല്ലായ്പ്പോഴും ഭജിക്കുന്നു.

പരിഭാഷാ— നളിനാശുഗസംകാശന്മാർ=നളിനാശുഗനോടു സദൃശന്മാർ. നളിനാശുഗൻ=കാമദേവൻ. നളിനായതലോച

നന്മാർ=നളിനായതങ്ങളായിരിക്കുന്ന ലൊചനങ്ങളൊടു കൂടിയവർ. നളിനായതങ്ങൾ=നളിനങ്ങൾപൊലെ ആയതങ്ങൾ. നളിനങ്ങൾ=താമരപ്പൂക്കൾ. (താമരപ്പൂവിന്റെ ഇതളുകളെന്നു സാരം.) ആയതങ്ങൾ=നീണ്ടിരിക്കുന്നവ. ലൊചനങ്ങൾ=കണ്ണുകൾ. ദക്ഷശിഷ്യന്മാർ=ദക്ഷന്റെശിഷ്യന്മാർ. ദക്ഷൻ=ദക്ഷപ്രജാപതി. ഭിഷക്ശ്ലാഘ്യന്മാർ=ഭിഷക്കുകളിൽ വെച്ചു ശ്ലാഘ്യന്മാർ. ഭിഷക്കുകൾ=വൈദ്യന്മാർ. ശ്ലാഘ്യന്മാർ=ശ്ലാഘിക്കപ്പെടുവാൻ യൊഗ്യന്മാർ. ശ്ലാഘിക്ക=പ്രശംസിക്ക. (ശെഷം മെൽപ്രകാരം.)

സാരം—കാമദെവന്റെ സൌന്ദൎയ്യംപൊലെ ഉള്ള സൌന്ദൎയ്യത്തൊടു കൂടിയവരായിയും താമരപ്പൂവിന്റെ ഇതളുകൾപൊലെ നീണ്ടിരിക്കുന്ന കണ്ണുകളൊടു കൂടിയവരായിയും ദക്ഷപ്രജാപതിയുടെ ശിഷ്യന്മാരായിയും വൈദ്യന്മാരിൽവെച്ചു ഉത്തമന്മാരായിയും ഇരിക്കുന്ന അശ്വിനീദെവന്മാരെ ഞാൻ എല്ലാ സമയവും സെവിക്കുന്നു.

൨. വിദ്വാംസാവായുഷൊവെദാനുപാദ്ധ്യായൌവിഡൌജസഃ। വൈദ്യകൃത്യവിശെഷജ്ഞാവാശ്വിനെയൌസദാഭജെ॥

അന്വയം— അഹം-ആയുഷഃ-വെദാൻ-വിദ്വാംസൌ- വിഡൌജസഃ- ഉപാദ്ധ്യായൌ-വൈദ്യകൃത്യവിശെഷജ്ഞൌ- ആശ്വിനെയൌ-സദാ-ഭജെ-

അന്വയാൎത്ഥം—ഞാൻ ആയുസ്സിന്റെ വെദങ്ങളെ വിദ്വാന്മാരായി വിഡൌജസ്സിന്റെ ഉപാദ്ധ്യായന്മാരായി വൈദ്യകൃത്യവിശെഷജ്ഞന്മാരായിരിക്കുന്ന ആശ്വിനെയന്മാരെ എല്ലായ്പൊഴും ഭജിക്കുന്നു.

പരിഭാഷ— ആയുസ്സിന്റെ വെദങ്ങൾ=ആയുൎവ്വെദങ്ങൾ. വിദ്വാന്മാർ=അറിഞ്ഞവർ. വിഡൌജസ്സ=ഇന്ദ്രൻ. ഉപാദ്ധ്യായന്മാർ=അദ്ധ്യാപകന്മാർ. (ഗുരുക്കന്മാർ.) വൈദ്യകൃത്യവിശെഷജ്ഞന്മാർ=വൈദ്യകൃത്യത്തെ വിശെഷെണ അറിയുന്നവർ. വൈദ്യകൃത്യം=വമനവിരെചനാദിയായ രൊഗപ്രതിവിധാനം. (ശെഷം മെൽപ്രകാരം.)

സാരം—ഞാൻ ആയുൎവ്വെദത്തെയും ആയുൎവ്വെദത്തൊടു തുല്യങ്ങളായി ദക്ഷപ്രജാപതിയാൽ ഉണ്ടാക്കപ്പെട്ടതായിരിക്കുന്ന വൈദ്യശാസ്ത്രങ്ങളെയും അറിഞ്ഞവരായിയും ഇന്ദ്രന്നു ആയുൎവ്വെദത്തെ ഉപദെശിച്ചവരായിയും വൈദ്യൻ വെണ്ടുന്ന പ്രവൃത്തികളിൽ അതിസമൎത്ഥന്മാരായിയുമിരിക്കുന്ന അശ്വിനീദെവന്മാരെ

൨. അ ...മയവും സേവിക്കുന്നു.

ന്നെ| ആത ...ദോഷദോഷവിശേഷാദിവിജ്ഞാനപടുചേതസൌ കൃ
...വിപാകജ്ഞാവാശ്വിനേയൌ സദാ ഭജേ॥

അന്വയ... ...ം — അഹം-ദോഷദോഷവിശേഷാദിവിജ്ഞാനപടു
ദേവന്മാരെ ചേതസൌ-കൃത്സ്നവസ്തുവിപാകജ്ഞൌ-ആശ്വിനേയൌ- സദാ-ഭജേ-

അന്വയാൎത്ഥം — ഞാൻ ദോഷദോഷവിശേഷാദി വിജ്ഞാനപടുചേതസ്സുകളായി കൃത്സ്നവസ്തുവിപാകജ്ഞന്മാരായിരിക്കുന്ന ആശ്വിനേയന്മാരെ എല്ലായ്പോഴും ഭജിക്കുന്നു.

പരിഭാഷ — ദോഷദോഷവിശേഷാദി വിജ്ഞാനപടുചേതസ്സുകൾ=ദോഷദോഷവിശേഷാദിവിജ്ഞാനത്തിങ്കൽ പടുചേതസ്സുകൾ- ദോഷദോഷവിശേഷാദിവിജ്ഞാനം= ദോഷദോഷവിശേഷാദികളുടെ വിജ്ഞാനം- ദോഷദോഷവിശേഷാദികൾ= ദോഷദോഷവിശേഷങ്ങൾ തുടങ്ങിയുള്ളവ- ദോഷദോഷവിശേഷങ്ങൾ=ദോഷങ്ങളും ദോഷവിശേഷങ്ങളും- ദോഷങ്ങൾ= വാതപിത്തകഫങ്ങൾ- ദോഷവിശേഷങ്ങൾ=ദോഷഭേദങ്ങൾ- വിജ്ഞാനം=അറിവ- പടുചേതസ്സുകൾ= പടുവായിരിക്കുന്ന ചേതസ്സോടുകൂടിയവർ. പടു=സമൎത്ഥം- ചേതസ്സ=മനസ്സ- കൃത്സ്നവസ്തുവിപാകജ്ഞന്മാർ=കൃത്സ്നവസ്തുക്കളുടെ വിപാകത്തെ അറിയുന്നവർ- കൃത്സ്നവസ്തുക്കൾ=കൃത്സ്നങ്ങളായിരിക്കുന്ന വസ്തുക്കൾ- കൃത്സ്നങ്ങൾ= ഒട്ടൊഴിയാതെ ഉള്ളവ- വസ്തുക്കൾ=പദാൎത്ഥങ്ങൾ- വിപാകം=പാകരസം-(ശേഷം മേൽപ്രകാരം).

സാരം — ദോഷങ്ങളുടെയും ദോഷഭേദം മുതലായതുകളുടെയും അറിവിങ്കൽ സാമൎത്ഥ്യമുള്ള മനസ്സോടു കൂടിയവരായിയും സൎവ്വവസ്തുക്കളുടെയും രസവീൎയ്യവിപാകാദികളെ അറിയുന്നവരായിയുമിരിക്കുന്ന അശ്വിനീദേവന്മാരെ ഞാൻ എല്ലാ സമയവും സേവിക്കുന്നു.

൩. അഹല്യാനാഥശാപോത്ഥവാസവക്ലൈബ്യനാശനൌ
വൈദ്യാഗമകൃതൌ ധന്യാവാശ്വിനേയൌ സദാ ഭജേ॥

അന്വയം — അഹം-അഹല്യാനാഥശാപോത്ഥവാസവക്ലൈബ്യനാശനൌ- വൈദ്യാഗമകൃതൌ- ധന്യൌ- ആശ്വിനേയൌ-സദാ-ഭജേ-

അന്വയാൎത്ഥം — ഞാൻ അഹല്യാനാഥശാപോത്ഥവാസവക്ലൈബ്യനാശനന്മാരായി വൈദ്യാഗമകൃത്തുകളായി ധന്യന്മാരായിരിക്കുന്ന ആശ്വിനേയന്മാരെ എല്ലായ്പോഴും ഭജിക്കുന്നു.

പരിഭാഷാ— അഹല്യാനാഥശാപൊത്ഥവാസവക്ലൈബ്യനാശനന്മാർ=അഹല്യാനാഥശാപൊത്ഥമായിരിക്കുന്ന വാസവക്ലൈബ്യത്തെനശിപ്പിച്ചവർ- അഹല്യാനാഥശാപൊത്ഥം=അഹല്യാനാഥശാപംഹെതുവായിട്ടുണ്ടായത- അഹല്യാനാഥശാപം=അഹല്യാനാഥന്റെശാപം- അഹല്യാനാഥൻ= ഗൌതമമഹൎഷി- ശാപം=നിഗ്രഹവചനം- വാസവക്ലൈബ്യം= വാസവന്റെക്ലൈബ്യം-വാസവൻ=ഇന്ദ്രൻ- ക്ലൈബ്യം= നപുംസകത്വം- വൈദ്യാഗമകൃത്തുകൾ=വൈദ്യാഗമത്തെ ഉണ്ടാക്കിയവർ- വൈദ്യാഗമം= വൈദ്യശാസ്ത്രം- ധന്യന്മാർ=പുണ്യവാന്മാർ-(ശെഷം മെൽപ്രകാരം).

സാരം—ഗൌതമശാപം ഹെതുവായിട്ടു ഇന്ദ്രന്ന ഭവിച്ച അനൎത്ഥത്തെ പരിഹരിച്ചവരായിയും വൈദ്യശാസ്ത്രത്തെ നിൎമ്മിച്ചവരായിയും പുണ്യവാന്മാരായിയുമിരിക്കുന്ന അശ്വിനീദെവന്മാരെ ഞാൻ എല്ലായ്പൊഴും സെവിക്കുന്നു.

൭. ദെഹിനാമഖിലാനാഞ്ചസെവനീയൌദയാനിധീ। വാസവാന്നഗുപൌശശ്വദാശ്വിനെയൌസമാശ്രയെ॥

അന്വയം— അഹം-അഖിലാനാം-ദെഹിനാം-ച-സെവനീയൌ--ദയാനിധീ-ശശ്വത്-വാസവാന്നഗുപൌ- ആശ്വിനെയൌ-സമാശ്രയെ-

അന്വയാൎത്ഥം—ഞാൻ അഖിലന്മാരായിരിക്കുന്ന ദെഹികൾക്കു സെവനീയന്മാരായി ദയാനിധികളായി എല്ലാസമയവും വാസവാന്നഗുപ്പുകളായിരിക്കുന്ന ആശ്വിനെയന്മാരെ എല്ലായ്പൊഴും ഭജിക്കുന്നു.

പരിഭാഷാ—അഖിലന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ- ദെഹികൾ=ശരീരികൾ- സെവനീയന്മാർ=സെവിക്കപ്പെടുവാൻ യൊഗ്യന്മാർ- ദയാനിധികൾ=ദയക്കുനിധികൾ-ദയാ=കൃപാ- നിധികൾ=നിധാനങ്ങൾ- (ഇരിപ്പിടങ്ങളെന്നസാരം). വാസവാന്നഗുപ്പുകൾ=വാസവാന്നത്തെ ഗൊപനം ചെയ്യുന്നവർ- വാസവാന്നം=ഇന്ദ്രാന്നം- ഗൊപനംചെയ്ക= വിഷംമുതലായതിൽ നിന്നുരക്ഷിക്ക- (ശെഷംമെൽപ്രകാരം.)

സാരം—എല്ലാദെഹികളാലും സെവിക്കപ്പെടുവാൻ യൊഗ്യന്മാരായിയും ദയക്കു ഇരിപ്പിടങ്ങളായിയും ദെവാന്നത്തെ എല്ലാസമയവും വിഷം മുതലായതുകളിൽ നിന്നു രക്ഷിക്കുന്നവരായിയുമിരിക്കുന്ന ആ അശ്വിനീദെവന്മാരെ ഞാൻ എല്ലായ്പൊഴും സെവിക്കുന്നു.

൭. ലബ്ധാഗമാവുപാദ്ധ്യായാദ്ദൃഷ്ടകൃത്യൌസുചേതസൌ। യജ്ഞഭാഗഭുജൌദക്ഷാവാശ്വിനേയൌസദാഭജേ॥

അന്വയം—അഹം- ഉപാദ്ധ്യായാൽ- ലബ്ധാഗമൌ- ദൃഷ്ടകൃത്യൌ-സുചേതസൌ- ദക്ഷൌ- യജ്ഞഭാഗഭുജൌ-ആശ്വിനേയൌ- സദാ-ഭജേ.

അന്വയാൎത്ഥം—ഞാൻ ഉപാദ്ധ്യായങ്കൽ നിന്ന ലബ്ധാഗമന്മാരായി ദൃഷ്ടകൃത്യന്മാരായി സുചേതസ്സുകളായി ദക്ഷന്മാരായി യജ്ഞഭാഗഭുക്കുകളായിരിക്കുന്ന ആശ്വിനേയന്മാരെ എല്ലായ്പ്പൊഴും ഭജിക്കുന്നു-

പരിഭാഷാ—ഉപാദ്ധ്യായൻ=ഗുരു- ലബ്ധാഗമന്മാർ=ലബ്ധമായിരിക്കുന്നആഗമത്തൊടുകൂടിയവര- ലബ്ധം=ലഭിക്കപ്പെട്ടത-ആഗമം=ശാസ്ത്രം- ദൃഷ്ടകൃത്യന്മാർ= ദൃഷ്ടങ്ങളായിരിക്കുന്ന കൃത്യങ്ങളൊടു കൂടിയവർ- ദൃഷ്ടങ്ങൾ=ദൎശിക്കപ്പെട്ടവ- കൃത്യങ്ങൾ=കൎമ്മങ്ങൾ- സുചെതസ്സുകൾ=ശൊഭനമായിരിക്കുന്ന ചെതസ്സൊടു കൂടിയവർ- ചെതസ്സ=മനസ്സ- ദക്ഷന്മാർ=കൎമ്മകൌശലമുള്ളവർ- യജ്ഞഭാഗഭുക്കുകൾ=യജ്ഞഭാഗത്തെ ഭുജിക്കുന്നവർ- യജ്ഞഭാഗം=യാഗാംശം- ഭുജിക്ക=അനുഭവിക്ക- (ശെഷം മെൽപ്രകാരം)

സാരം—ഗുരുവിങ്കൽനിന്ന ഗ്രഹിക്കപ്പെട്ട വൈദ്യശാസ്ത്രാൎത്ഥത്തൊട് കൂടിയവരായും വൈദ്യന്ന വെണ്ടു കൎമ്മങ്ങളെക്കണ്ടു പരിചയിച്ചവരായിയും നല്ല മനസ്സൊടും കൎമ്മകൌശലത്തൊടും കൂടിയവരായിയും യജ്ഞഭാഗത്തെ അനുഭവിക്കുന്നവരായിയുമിരിക്കുന്ന അശ്വിനീദെവന്മാരെ ഞാൻ എല്ലാ സമയവും സെവിക്കുന്നു.

൮. ആശ്വിനെയാഷ്ടകംനിത്യമിത്ഥംപ്രാതരതന്ദ്രിതഃ। യൊജപെൽസസദാരൊഗ്യന്ദീൎഘഞ്ചായുരവാപ്നുയാൽ॥

അന്വയം—യഃ-പ്രാതഃ-അതന്ദ്രിതഃ-ഇത്ഥം- ആശ്വിനെയാഷ്ടകം- നിത്യം- ജപെൽ- സഃ- ആരൊഗ്യം- ദീൎഘം- ആയുഃ- ച- അവാപ്നുയാൽ.

അന്വയാൎത്ഥം—യാവനൊരുത്തൻ പ്രാതഃകാലത്തിങ്കൽ അതന്ദ്രിതനായിട്ട ഇപ്രകാരം ആശ്വിനെയാഷ്ടകത്തെ നിത്യമാകുംവണ്ണം ജപിക്കുമൊ അവൻ ആരൊഗ്യത്തെയും ദീൎഘമായിരിക്കുന്ന ആയുസ്സിനെയും അവാപിക്കും-

പരിഭാഷാ—പ്രാതഃകാലം=പുലൎച്ചസമയം. അതന്ദ്രിതൻ=മടിയൊടുകൂടാത്തവൻ- നിത്യം=അവിച്ഛിന്നം- അവാപിക്ക=

പ്രാപിക്കും.

സാരം—യാവനൊരുത്തൻ പുലച്ചസമയം മടിയൊടുകൂടാതെ ഈ ആശപിന്നെയാഷ്ടകത്തെ ദിവസം തൊറും ജപിക്കുന്നുവൊ അവൻ ആരൊഗ്യത്തെയും ദീൎഘമായിരിക്കുന്ന ആയുസ്സിനെയും ലഭിക്കും—

ഇതി വാദ്ദാനെസാപനാമകരാമാനന്ദ നാഥപണ്ഡിതപാരശവെന്ദ്രകൃത മാശപിന്നെയാഷ്ടകസ്തൊത്രം സപവ്യാഖ്യയാസഹസമാപ്തം॥

രാമാഷ്ടകം

൧. ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവകൌസ്തുഭം। കല്യാണഗുണധാമാനംരാമംവന്ദെരഘൂത്തമം॥

അന്വയം— അഹം— ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവകൌസ്തുഭം— കല്യാണഗുണധാമാനം— രഘൂത്തമം— രാമം— വന്ദെ.

അന്വയാൎത്ഥം—ഞാൻ ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവകൌസ്തുഭനായി കല്യാണഗുണധാമാവായി രഘൂത്തമനായിരിക്കുന്ന രാമനെ വന്ദിക്കുന്നു—

പരിഭാഷാ—ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവ കൌസ്തുഭൻ=ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവത്തിന്ന കൌസ്തുഭ മായിട്ടുള്ളവൻ— ശ്രീമല്ദ്യുമണിസന്താനകലശാൎണ്ണവം=ശ്രീമല്ദ്യുമണിസന്താനമാകുന്ന കലശാൎണ്ണവം— ശ്രീമല്ദ്യുമണിസന്താനം=ശ്രീമത്തായിരിക്കുന്ന ദ്യുമണിസന്താനം— ശ്രീമത്ത=ശ്രീയുള്ളത— ശ്രീ=ശൊഭാ (സമ്പത്തഎന്നുമാം) ദ്യുമണിസന്താനം=ദ്യുമണിയുടെ സന്താനം— ദ്യുമണി=ആദിത്യൻ— സന്താനം=വംശം— കലശാൎണ്ണവം=ക്ഷീരാബ്ധി— (പാൽകടൽ) കൌസ്തുഭം= കൌസ്തുഭമെന്ന രത്നം— കല്യാണഗുണധാമാവ= കല്യാണങ്ങളായിരിക്കുന്ന ഗുണധാമങ്ങളൊടു കൂടിയവൻ— കല്യാണങ്ങൾ=മംഗലകരങ്ങൾ— ഗുണധാമങ്ങൾ=ഗുണവും ധാമവും— ഗുണം= ആശ്രിതവാത്സല്യാദി—ധാമം=തെജസ്സ— രഘൂത്തമൻ=രഘുക്കളിൽ വെച്ച ഉത്തമൻ— രഘുക്കൾ=രഘുവെന്ന രാജാവിൻെറ വംശത്തിങ്കൽ ജനിച്ചവർ— രാമൻ=ശ്രീരാമൻ— വന്ദിക്ക=സ്തുതിക്ക.

സാരം—സൂൎയ്യവംശത്തിങ്കൽ ജനിച്ചവനായ രഘുവെന്ന രാജാവിൻെറ പൌത്രനായിട്ടും ഗാംഭീൎയ്യാദിഗുണസമ്പന്നനാ

യിയും ഇരിക്കുന്ന ദശരഥനെന്ന രാജാവിന്റെ പുത്രനായിയും കീൎത്തിക്കുന്നവൎക്കും സ്മരിക്കുന്നവൎക്കും മംഗലകരമായിരിക്കുന്ന ഭക്തവാത്സല്യാദിഗുണത്തോടും തേജസ്സോടും കൂടിയവനായിയും രഘുവംശത്തിങ്കൽ ജനിച്ചവരിൽവെച്ചു ശ്രേഷ്ഠനായിയു മിരിക്കുന്ന ശ്രീരാമനെ ഞാൻസ്തുതിക്കുന്നു.

൨. രാകാശീതാംശുസങ്കാശമുഖമംബുദമെചകം। രാജീവതുല്യകല്യാക്ഷംരാമംവന്ദെരഘൂത്തമം॥

അന്വയം—അഹം— രാകാശീതാംശുസംകാശമുഖം— അംബുദമെചകം— രാജീവതുല്യകല്യാക്ഷം— രഘൂത്തമം— രാമം— വന്ദെ—

അന്വയാൎത്ഥം—ഞാൻ രാകാശീതാംശുസംകാശമുഖനായി അംബുദമെചകനായി രാജീവതുല്യകല്യാക്ഷനായി രഘൂത്തമനായിരിക്കുന്ന രാമനെ വന്ദിക്കുന്നു.

പരിഭാഷാ—രാകാശീതാംശുസംകാശമുഖൻ= രാകാശീതാംശുസംകാശമായിരിക്കുന്ന മുഖത്തോടു കൂടിയവൻ— രാകാശീതാംശുസംകാശം= രാകാശീതാംശുവിനോടു തുല്യം— രാകാശീതാംശു= രാകയിങ്കലെ ശീതാംശു— രാകാ=വെളുത്ത വാവു— ശീതാംശു= ചന്ദ്രൻ— അംബുദമെചകൻ= അംബുദമെന്നപൊലെ മെചകൻ— അംബുദം= മെഘം— മെചകൻ= ശ്യാമളവൎണ്ണൻ—രാജീവതുല്യകല്യാക്ഷൻ= രാജീവതുല്യകല്യങ്ങളായിരിക്കുന്ന അക്ഷികളോടു കൂടിയവൻ— രാജീവതുല്യകല്യങ്ങൾ= രാജീവത്തോട തുല്യകല്യങ്ങൾ— രാജീവം= താമരപ്പൂവു— തുല്യകല്യങ്ങൾ= തുല്യകലത്തിങ്കൽ ഭവിച്ചവ— (സദൃശങ്ങളെന്ന സാരം.) അക്ഷികൾ= കണ്ണുകൾ— (ശെഷം മെൽപ്രകാരം.)

സാരം—വെളുത്തവാവുന്നാളത്തെ ചന്ദ്രനെപൊലെയിരിക്കുന്ന മുഖത്തോടു കൂടിയവനായിയും കാൎമെഘമെന്നപൊലെ ശ്യാമളവൎണ്ണനായിയും താമരപ്പൂവിനോടു തുല്യങ്ങളായിരിക്കുന്ന കണ്ണുകളോടു കൂടിയവനായിയും രഘുവംശത്തിങ്കൽ ജനിച്ചവരിൽ വെച്ചു ശ്രേഷ്ഠനായിയുമിരിക്കുന്ന ശ്രീരാമനെ ഞാൻ സ്തുതിക്കുന്നു.

൩. മാനനീയംമഹെന്ദ്രാദിസുപൎവ്വഭിരനാരതം। മദനാധികസൌന്ദൎയ്യംരാമംവന്ദെരഘൂത്തമം॥

അന്വയം—അഹം— മഹെന്ദ്രാദിസുപൎവ്വഭിഃ— അനാരതം— മാനനീയം— മദനാധികസൌന്ദൎയ്യം— രഘൂത്തമം— രാമം— വന്ദെ—

അന്വയാൎത്ഥം—ഞാൻ മഹെന്ദ്രാദി സുപൎവ്വാക്കളാൽ എല്ലായ്പൊഴും മാനനീയനായി മദനാധിക സൌന്ദൎയ്യനായി രഘൂത്തമ

നായിരിക്കുന്ന രാമനെ വന്ദിക്കുന്നു.

പരിഭാഷാ—മഹേന്ദ്രാദിസുപൎവ്വാക്കൾ=മഹേന്ദ്രാദികളായിരിക്കുന്ന സുപൎവ്വാക്കൾ- മഹേന്ദ്രാദികൾ= മഹേന്ദ്രൻ തുടങ്ങിയുള്ളവർ- മഹേന്ദ്രൻ= ദേവേന്ദ്രൻ- സുപൎവ്വാക്കൾ= ദേവന്മാർ- മാനനീയൻ= മാനിക്കപ്പെടുവാൻ യോഗ്യൻ- മാനിക്ക= ബഹുമാനിക്ക- മദനാധികസൌന്ദൎയ്യൻ= മദനനെക്കാൾ അധികമായിരിക്കുന്ന സൌന്ദൎയ്യത്തോടു കൂടിയവൻ- മദനൻ= കാമദേവൻ- (ശേഷം മേൽപ്രകാരം.)

സാരം—ഇന്ദ്രൻമുതലായ ദേവന്മാരാൽ എല്ലായ്പ്പോഴും മാനിക്കപ്പെടുവാൻ യോഗ്യനായിയും കാമദേവനെക്കാൾ അധികമായിരിക്കുന്ന സൌന്ദൎയ്യത്തോടു കൂടിയവനായിയും രഘുവംശത്തിങ്കൽ ജനിച്ചവരിൽ മുഖ്യനായിയുമിരിക്കുന്ന ശ്രീരാമനെ ഞാൻ സ്തുതിക്കുന്നു.

൪. യതമാനസസംവേദ്യംയായജൂകാനുയായിനം । രാക്ഷസാലംഭനിഷ്ണാതംരാമംവന്ദേരഘൂത്തമം॥

അന്വയം—അഹം- യതമാനസസംവേദ്യം- യായജൂകാനുയായിനം- രാക്ഷസാലംഭനിഷ്ണാതം- രഘൂത്തമം- രാമം- വന്ദേ-

അന്വയാൎത്ഥം—ഞാൻ യതമാനസസംവേദ്യനായി യായജൂകാനുയായിയായി രാക്ഷസാലംഭ നിഷ്ണാതനായി രഘൂത്തമനായിരിക്കുന്ന രാമനെ വന്ദിക്കുന്നു.

പരിഭാഷാ—യതമാനസസംവേദ്യൻ= യതമാനസന്മാരാൽ സംവേദ്യൻ- യതമാനസന്മാർ= യതമായിരിക്കുന്ന മാനസത്തോടു കൂടിയവർ- യതം= നിഗ്രഹിതം- (വിഷയങ്ങളിൽനിന്നു പരാങ്മുഖമാക്കപ്പെട്ടത എന്നു സാരം.) മാനസം= മനസ്സ- (യതമാനസന്മാർ എന്നതിന്നു യോഗികൾ എന്നു സാരം.) സംവേദ്യൻ= വഴിപൊലെവേദ്യൻ- വേദ്യൻ= വേദിക്കപ്പെടുവാൻശക്യൻ- വേദിക്ക= അറിക- യായജൂകാനുയായി= യായജൂകന്മാരെ അനുയാനംചെയ്യുശീലമായിട്ടുള്ളവൻ-യായജൂകന്മാർ=യജനശീലന്മാർ. (ബ്രാഹ്മണർ എന്നസാരം.) അനുയാനം ചെയ്ക= അനുഗമിക്ക- രാക്ഷസാലംഭനിഷ്ണാതൻ= രാക്ഷസാലംഭത്തിങ്കൽ നിഷ്ണാതൻ- രാക്ഷസാലംഭം= രാക്ഷസന്മാരുടെ ആലംഭം- ആലംഭം= വധം- നിഷ്ണാതൻ= നിപുണൻ- (ശേഷം മേൽ പ്രകാരം.)

സാരം—യോഗികളായിരിക്കുന്നവരാൽ വഴിപൊലെ അറികപ്പെടുവാൻ കഴിയുന്നവനായിയും ഇതരന്മാരാൽ വഴിപൊലെ

അറികപ്പെട്ടുവാൻ കഴിയാത്തവന്നായിയും ബ്രാഹ്മണഹിതകാരിയായിയും രാക്ഷസരെ കൊൽവാൻ സാമൎത്ഥ്യമുള്ളവന്നായിയും രഘുഗോത്രജന്മാരിൽവെച്ച മുഖ്യനായിയുമിരിക്കുന്ന ശ്രീരാമനെ ഞാൻ സ്തുതിക്കുന്നു.

൬. നരലോകഗതംസാക്ഷാന്മഹാവിഷ്ണുമിവാപരം। വിദേഹദുഹിതുഃപ്രേഷ്ഠംരാമംവന്ദേരഘൂത്തമം॥

അന്വയം—അഹം-നരലോകഗതം- അപരം-സാക്ഷാൽ-മഹാവിഷ്ണും- ഇവ-വിദേഹദുഹിതുഃ-പ്രേഷ്ഠം- രഘൂത്തമം-രാമം-വന്ദേ-

അന്വയാൎത്ഥം—ഞാൻ നരലോകഗതന്നായി അപരനായി പ്രത്യക്ഷഭൂതമായിരിക്കുന്ന മഹാവിഷ്ണുവൊ എന്ന തൊന്നുമാറ സ്ഥിതനായി വിദെഹദുഹിതാവിന്ന് പ്രേഷ്ഠനായി രഘൂത്തമനായിരിക്കുന്ന രാമനെ വന്ദിക്കുന്നു.

പരിഭാഷാ—നരലൊകഗതൻ=നരലൊകത്തെ ഗതൻ. നരലൊകം=ഭൂലൊകം. ഗതൻ=പ്രാപ്തൻ. അപരൻ=അന്യൻ. വിദെഹദുഹിതാവ=സീതാ. പ്രേഷ്ഠൻ=പ്രിയതമൻ- (ശെഷം മെൽപ്രകാരം-)

സാരം—ഭൂലൊകത്തെ പ്രാപിച്ചവന്നായിയും എല്ലാവൎക്കും കാണെത്തക്കവന്നായിയും പ്രസിദ്ധന്നായിരിക്കുന്ന വിഷ്ണുവിങ്കൽനിന്ന അന്യന്നായിയും ഇരിക്കുന്ന മഹാവിഷ്ണുവൊ എന്നതൊന്നുമാറ ഇരിക്കുന്നവന്നായിയും സീതാദെവിക്ക സൌന്ദൎയ്യംകൊണ്ടും ആലിംഗനചുംബനാദിസാമൎത്ഥ്യംകൊണ്ടും പ്രിയതമന്നായിയും രഘൂത്തമന്നായിയും ഇരിക്കുന്ന രാമനെ ഞാൻ സ്തുതിക്കുന്നു-

൭. മൊദിതാശെഷഗീൎവ്വാണംസുമിത്രാതനയാനുഗം। ധനുഷ്മന്തംമഹാസത്വംരാമംവന്ദേരഘൂത്തമം॥

അന്വയം—അഹം-മൊദിതാശെഷഗീൎവ്വാണം-സുമിത്രാതനയാനുഗം-ധനുഷ്മന്തം-മഹാസത്വം- രഘൂത്തമം-രാമം-വന്ദേ-

അന്വയാൎത്ഥം—ഞാൻ മൊദിതാശെഷഗീൎവ്വാണന്നായി സുമിത്രാതനയാനുഗന്നായി ധനുഷ്മാന്നായി മഹാസത്വന്നായി രഘൂത്തമന്നായിരിക്കുന്ന രാമനെ വന്ദിക്കുന്നു.

പരിഭാഷാ—മൊദിതാശെഷഗീൎവ്വാണൻ=മൊദിതന്മാരായിരിക്കുന്ന അശെഷഗീൎവ്വാണന്മാരൊടു കൂടിയവൻ- മൊദിതന്മാർ=മൊദിപ്പിക്കപ്പെട്ടവർ-മൊദിപ്പിക്ക=സന്തൊഷിപ്പിക്ക-അശെഷഗീൎവ്വാണന്മാർ=അശെഷന്മാരാകുന്ന ഗീൎവ്വാണന്മാർ- അശെ

ഷ്ടന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ- ഗീൎവ്വാണന്മാർ=ദെവന്മാർ- സുമിത്രാതനയാനുഗൻ=സുമിത്രാതനയനാകുന്ന അനുഗനൊടു കൂടിയവൻ- സുമിത്രാതനയൻ=ലക്ഷ്മണൻ- അനുഗൻ=അനുചരൻ- ധനുഷ്മാൻ=ധനുസ്സുള്ളവൻ- ധനുസ്സ=വില്ല- മഹാസത്വൻ=മഹത്തായിരിക്കുന്ന സത്വത്തൊടു കൂടിയവൻ-മഹത്ത=വലുതായിരിക്കുന്നത-സത്വം=പരാക്രമം- (ശെഷം മെൽപ്രകാരം.)

സാരം—ദുഷ്ടരാക്ഷസവധാദികൾ കൊണ്ടു സന്തൊഷിപ്പിക്കപ്പെട്ട സകല ദെവന്മാരൊടു കൂടിയവനായിയും ലക്ഷ്മണനാകുന്ന അനുചരനൊടു കൂടിയവനായിയും എല്ലായ്പ്പൊഴും കയ്യിൽവില്ലിനെ ധരിച്ചവനായിയും മഹാപരാക്രമനായിയും രഘുവംശത്തിങ്കൽ ജനിച്ചവരിൽ വെച്ച ഉത്തമനായിയും ഇരിക്കുന്ന രാമനെ ഞാൻ സ്തുതിക്കുന്നു-

൭. നമൻനൃപകിരീടൊദ്യദ്രത്നരക്തപദാംബുജം। വാനരാധിപതെൎമ്മിത്രംരാമംവന്ദെരഘൂത്തമം॥

അന്വയം—അഹം- നമൻനൃപകിരീടൊദ്യദ്രത്നരക്തപദാംബുജം_വാനരാധിപതെഃ-മിത്രം-രഘൂത്തമം-രാമം-വന്ദെ-

അന്വയാൎത്ഥം—ഞാൻനമൻനൃപകിരീടൊദ്യദ്രത്നരക്തപദാംബുജനായി വാനരാധിപതിയുടെ മിത്രമായി രഘൂത്തമനായിരിക്കുന്ന രാമനെ വന്ദിക്കുന്നു-

പരിഭാഷാ—നമൻനൃപകിരീടൊദ്യദ്രത്നരക്തപദാംബുജൻ=നമൻനൃപകിരീടൊദ്യദ്രത്നരക്തങ്ങളായിരിക്കുന്ന പദാംബുജങ്ങളൊടു കൂടിയവൻ- നമൻനൃപകിരീടൊദ്യദ്രത്നരക്തങ്ങൾ=നമൻനൃപകിരീടൊദ്യദ്രത്നങ്ങൾ ഹെതുവായിട്ടു രക്തങ്ങൾ- നമൻനൃപകിരീടൊദ്യദ്രത്നങ്ങൾ=നമൻനൃപകിരീടങ്ങളിലെ ഉദ്യദ്രത്നങ്ങൾ-നമൻനൃപകിരീടങ്ങൾ=നമത്തുകളായിരിക്കുന്ന നൃപകിരീടങ്ങൾ-നമത്തുകൾ=നമിച്ചിയങ്ങുന്നവ- നമിക്ക=താഴുക- നൃപകിരീടങ്ങൾ=നൃപന്മാരുടെ കിരീടങ്ങൾ- നൃപന്മാർ=രാജാക്കന്മാർ- ഉദ്യദ്രത്നങ്ങൾ=ഉദ്യത്തുകളായിരിക്കുന്ന രത്നങ്ങൾ- ഉദ്യത്തുകൾ=ഉദിച്ചിയങ്ങുന്നവ- ഉദിക്ക=അഭിമുഖമായി പ്രകാശിക്ക- രത്നങ്ങൾ=മാണിക്യമരതകാദികൾ- രക്തം=രഞ്ജിച്ചത- രഞ്ജിക്ക=വൎണ്ണഭെദത്തെ പ്രാപിക്ക- പദാംബുജങ്ങൾ=അംബുജങ്ങൾ പൊലെ ഇരിക്കുന്ന പദങ്ങൾ- അംബുജങ്ങൾ=താമരപ്പൂക്കൾ- പദങ്ങൾ=ചരണങ്ങൾ- വാനരാധിപതി=സുഗ്രീവൻ- മിത്രം=സഖി- (ശെഷം മെൽപ്രകാരം-)

സാരം—രാജാക്കന്മാർവന്നു നമസ്കരിക്കുമ്പോൾ അവരുടെ കിരീടങ്ങളിൽ അഭിമുഖമായി പ്രകാശിച്ചിയങ്ങുന്ന രത്നങ്ങളുടെ രശ്മികൾ എല്ലാടവും വ്യാപിക്ക നിമിത്തമായി വൎണ്ണഭേദത്തെ പ്രാപിച്ചതുകളായിരിക്കുന്ന പാദാരവിന്ദങ്ങളോടു കൂടിയവനായിയും സുഗ്രീവന്റെ സഖിയായിയും രഘൂത്തമനായിയുമിരിക്കുന്ന രാമനെ ഞാൻസ്തുതിക്കുന്നു.

൭. മസ്കരാന്നിവരക്ഷാംസിദഗ്ധവന്തമിവാനലം। മരുൽപ്രേരണയാഹന്ദായരാമംവന്ദേരഘൂത്തമം॥

അന്വയം— അഹം-മരുൽപ്രേരണയാ-മസ്കരാൻ-ഇവ-രക്ഷാംസി- അനലം- ഇവ-അഹന്ദായദഗ്ധവന്തം-രഘൂത്തമം-രാമം-വന്ദേ-

അന്വയാൎത്ഥം—ഞാൻ മരുൽപ്രേരണ ഹേതുവായിട്ടു മസ്കരങ്ങൾ എന്നപോലെ ഇരിക്കുന്ന രക്ഷസ്സുകളെ അലനലനെന്നപോലെ പൊട്ടുന്നനവെ ദഗ്ധവാനായി രഘൂത്തമനായിരിക്കുന്നരാമനെ വന്ദിക്കുന്നു.

പരിഭാഷാ—മരുൽപ്രേരണാ= മരുത്തുകളുടെപ്രേരണാ- മരുത്തുകൾ= ദേവന്മാർ-(വായുക്കൾഎന്നും). പ്രേരണാ=പ്രവൎത്തനാ- മസ്കരങ്ങൾ=മുളകൾ-രക്ഷസ്സുകൾ=രാക്ഷസന്മാർ-അനലൻ=അഗ്നി-ദഗ്ധവാൻ=ഭസ്മമാക്കിയവൻ- (ശേഷംമേൽപ്രകാരം)-

സാരം വായുപ്രേരണഹേതുവായിട്ടു മുളംകൂട്ടത്തെ അഗ്നിഭസ്മമാക്കുന്നതുപോലെ ദേവപ്രേരണ ഹേതുവായിട്ടു രാക്ഷസന്മാരുടെ കൂട്ടത്തെപൊട്ടുന്നനവെ ഭസ്മമാക്കി ചൈതവനായിയും രഘൂത്തമനായിയുമിരിക്കുന്ന രാമനെ ഞാൻ സ്തുതിക്കുന്നു.

൮. എതദ്രാമാഷ്ടകംമൎത്ത്യായോജപെൽപ്രതിവാസരം। സജിതാരിൎമ്മഹാകീൎത്തിരുഭയത്രസുഖീ ഭവെൽ॥

അന്വയം—യഃ-മൎത്ത്യഃ-പ്രതിവാസരം- എതൽ-രാമാഷ്ടകം-ജപെൽ-സഃ-ജിതാരിഃ-മഹാകീൎത്തിഃ-ഉഭയത്ര-സുഖീ-ഭവെൽ-

അന്വയാൎത്ഥം—യാതൊരുമൎത്ത്യൻ വാസരത്തിങ്കൽ വാസരത്തിങ്കൽ ഈ രാമാഷ്ടകത്തെ ജപിക്കുമൊ അവൻ ജിതാരിയായിട്ടും മഹാകീൎത്തിയായിട്ടും രണ്ടുലോകങ്ങളിലും സുഖിയായിട്ടും ഭവിക്കും.

പരിഭാഷാ—മൎത്ത്യൻ=മനുഷ്യൻ- വാസരം=ദിവസം-ജപിക്ക=ചൊല്ലുക- ജിതാരി=ജിതന്മാരായിരിക്കുന്ന അരികളൊടുകൂടിയവൻ- ജിതന്മാർ=ജയിക്കപ്പെട്ടവർ-അരികൾ=ശത്രുക്കൾ- മ

ഹാകീൎത്തി=മഹതിയായി ഭഞ്ജനം-വിഖ്യാതൻ= വിശെഷെണ
വലുതായിരിക്കുന്നത- കീൎത്തി ശ്രയം- ഖ്യാതൻ= പ്രസിദ്ധൻ-
ലൊകവും പരലൊകവും- സുഖ

സാരം—ഈ രാമാഷ്ടകത്തെ ദിവ റപ്പെട്ടപൂതനയെ അതി
ൻ ജപിക്കുന്നുവൊ അവൻ ശത്രുക്കളെ നിമിത്തമായി ലൊകപ്ര
ലുതായ കീൎത്തിയൊടു കൂടിയവനായിട്ടും സ ങ്ങളായിരിക്കുന്ന നാ
ഭവിക്കും. ജയത്തെ പ്രാപി

ഇതി വാശുദെവാപരനാമകരാമാനന്ദനാഥ ട്ടഅതിപ്രസിദ്ധ
വെന്ദ്രവിരചിതരാമാഷ്ടകസ്തൊത്രം സവ്യാഖ്യ ന-
പൂൎണ്ണം. ം। നന്ദഗൊ

പാലകഗ്ര
ജ്ജെ.
നാപാ

വാസുദെവാഷ്ടകം.

൧. അതസീകുസുമശ്യാമമരവിന്ദായതെക്ഷണം। യദുവംശാൎണ്ണവഗ്ലാവം വസുദെവസുതം ഭജെ॥

അന്വയം—അഹം- അതസീകുസുമശ്യാമം- അരവിന്ദായതെക്ഷണം-യദുവംശാൎണ്ണവഗ്ലാവം-വസുദെവസുതം-ഭജെ-

അന്വയാൎത്ഥം—ഞാൻ അതസീകുസുമശ്യാമനായി അരവിന്ദായതെക്ഷണനായി യദുവംശാൎണ്ണവഗ്ലൌവായിരിക്കുന്ന വസുദെവസുതനെ ഭജിക്കുന്നു.

പരിഭാഷാ—അതസീകുസുമശ്യാമൻ= അതസീകുസുമംപൊലെ ശ്യാമൻ-അതസീകുസുമം=അതസിയുടെകുസുമം-അതസീ=കാശാവ-കുസുമം=പൂവ-ശ്യാമൻ=കറുത്തിരിക്കുന്നവൻ- അരവിന്ദായതെക്ഷണൻ=അരവിന്ദങ്ങൾപൊലെ ആയതങ്ങളായിരിക്കുന്ന ഈക്ഷണങ്ങളൊടുകൂടിയവൻ- അരവിന്ദങ്ങൾ=താമരപ്പൂക്കൾ-(താമരപ്പൂവിന്റെ ഇതളുകളെന്നസാരം)- ആയതങ്ങൾ=നീണ്ടിരിക്കുന്നവ-ഈക്ഷണങ്ങൾ=കണ്ണുകൾ- യദുവംശാൎണ്ണവഗ്ലൌ=യദുവംശാൎണ്ണവത്തിന്നഗ്ലൌ- യദുവംശാൎണ്ണവം=യദുവംശമാകുന്നഅൎണ്ണവം- യദുവംശം=യദുവിന്റെവംശം-യദു=യദു എന്നരാജാവ-അൎണ്ണവം=സമുദ്രം- ഗ്ലൌ=ചന്ദ്രൻ-വസുദെവസുതൻ=ശ്രീകൃഷ്ണൻ. ഭജിക്ക=സെവിക്ക.

സാരം—ഞാൻ കാശാവിൻ പൂവിന്റെ നിറംപൊലെ ഇരിക്കുന്ന നിറത്തൊടു കൂടിയവനായിയും താമരപ്പൂവിന്റെ ഇതളുകൾപൊലെ നീണ്ടിരിക്കുന്ന കണ്ണുകളൊടു കൂടിയവനായിയും യദുവംശമാകുന്ന സമുദ്രത്തിന്ന ചന്ദ്രനായിയുമിരിക്കുന്ന ശ്രീകൃഷ്ണ

സാരം—രാജാക്കന്മാർവന്ന നമസ്കാരമായിനംദപിഷ്ടാം। യശോ
കിരീടങ്ങളിൽ അഭിമുഖമായി പ്രസ്തുതം ഭജേ॥
രശ്മികൾ എല്ലാടവും യശോദാലാള്യമാനാംഗം-ദപിഷ്ടാം-അയ
പ്രാപിച്ചുതുകളായിരിക്കയാഭ്യാം=സംയുക്തം-വസുദേവസുതം-ഭ
യും സുഗ്രീവന്റെ
ന്ന രാമനെ ഞാൻ—ഞാൻയശോദാലാള്യമാനാംഗനായിദപിട്ടുകൾ
വൃ. മനസ്സുരായിയായി യശോദയകളോടു സംയുക്തനായിരി
രണെയാഹനാൎത്ഭവസുതനെ ഭജിക്കുന്നു.

അന്വയം—യശോദാലാള്യമാനാംഗൻ=യശോദാലാള്യമാന
ക്ഷാംസദന്ന അംഗത്തൊടുകൂടിവവൻ- യശോദാ=യശോദാഎ
മം-വര(നന്ദഭാര്യാ). ലാള്യമാനം=ലാളിക്കപ്പെട്ടിയങ്ങുന്നത. ലാ
ന സ്നേഹത്തൊടുകൂടെഉപചരിക്ക-അംഗം=ശരീരം- ദപിട്ടുക
ൾ=ശത്രുക്കൾ-അയശോദായി=അയശസ്സിനെദാനം ചെയ്യുന്ന
വൻ- അയശസ്സ=അകീൎത്തി- യശോദയകൾ=യശസ്സും ദയയും.
യശസ്സ=കീൎത്തി- ദയാ=കൃപാ-സംയുക്തൻ= കൂടിയവൻ-(ശെ
ഷം മെൽപ്രകാരം)

സാരം—ഞാൻ യശോദയാൽ ലാളിക്കപ്പെട്ടിയങ്ങുന്നതായ
ശരീരത്തൊടു കൂടിയവനായിയും ശത്രുക്കൾക്ക അകീൎത്തിയെ ഉ
ണ്ടാക്കുന്നവനായിയും യശസ്സോടും ദയയൊടും കൂടിയവനായി
യുമിരിക്കുന്ന ശ്രീ കൃഷ്ണനെഭജിക്കുന്നു-

൩. പൂതനാമാരണഖ്യാതം പൂതനാമാനമച്യുതം। ശകടധ്വംസ
വിഖ്യാതം വസുദേവസുതം ഭജേ॥

അന്വയം—അഹം-പൂതനാമാരണഖ്യാതം-പൂതനാമാനം-അ
ച്യുതം-ശകടധ്വംസവിഖ്യാതം-വസുദേവസുതം- ഭജേ-

അന്വയാൎത്ഥം—ഞാൻ പൂതനാമാരണഖ്യാതനായി പൂതനാ
മാവായി അച്യുതനായി ശകടധ്വംസവിഖ്യാതനായിരിക്കുന്ന
വസുദേവസുതനെ ഭജിക്കുന്നു.

പരിഭാഷാ—പൂതനാമാരണഖ്യാതൻ=പൂതനാമാരണം ഹെതു
വായിട്ട ഖ്യാതൻ-പൂതനാമാരണം=പൂതനാനിഗ്രഹം- ഖ്യാതൻ=
പ്രസിദ്ധൻ- പൂതനാമാവ=പൂതങ്ങളായിരിക്കുന്ന നാമങ്ങളൊ
ടു കൂടിയവൻ- പൂതങ്ങൾ=ശുദ്ധങ്ങൾ- നാമങ്ങൾ=പെരുകൾ-
അച്യുതൻ= ച്യുതനായി ഭവിക്കാത്തവൻ-ച്യുതൻ= പതിതൻ-
(വീണവൻ) ശകടധ്വംസവിഖ്യാതൻ= ശകടധ്വംസം ഹെതു
വായിട്ട വിഖ്യാതൻ- ശകടധ്വംസം=ശകടത്തിന്റെ ധ്വംസം-

ശകടം=ചാട്ട- ധ്വംസം=ഭഞ്ജനം- വിഖ്യാതൻ= വിശെഷെണ ഖ്യാതൻ- വിശെഷം=അതിശയം- ഖ്യാതൻ= പ്രസിദ്ധൻ- (ശെഷം മെൽപ്രകാരം)

സാരം—തന്നെ മരിപ്പിപ്പാനായിപ്പുറപ്പെട്ടപൂതനയെ അതിശൈശവത്തിങ്കൽതന്നെ നിഗ്രഹിച്ചതുനിമിത്തമായി ലൊകപ്രസിദ്ധിയെ പ്രാപിച്ചവനായിയും ശുദ്ധങ്ങളായിരിക്കുന്ന നാമങ്ങളൊടുകൂടിയവനായിയും ഒരെടത്തും അപജയത്തെ പ്രാപിക്കാത്തവനായിയും ശകടഭഞ്ജനം ഹെതുവായിട്ടതിപ്രസിദ്ധനായിയുമിരിക്കുന്ന ശ്രീകൃഷ്ണനെ ഞാൻ ഭജിക്കുന്നു-

൪. നവനീതപയശ്ചൊരംഗൊപാലകഗൃഹെചരം। നന്ദഗൊപദൃഗാനന്ദംവസുദെവസുതംഭജെ॥

അന്വയം—അഹം-നവനീതപയശ്ചൊരം- ഗൊപാലകഗൃഹെ- ചരം-നന്ദഗൊപദൃഗാനന്ദം- വസുദെവസുതം-ഭജെ.

അന്വയാൎത്ഥം—ഞാൻ നവനീതപയശ്ചൊരനായി ഗൊപാലകഗൃഹത്തിങ്കൽ ചരനായി നന്ദഗൊപദൃഗാനന്ദനായിരിക്കുന്ന വസുദെവസുതനെ ഭജിക്കുന്നു.

പരിഭാഷാ—നവനീതപയശ്ചൊരൻ= നവനീതപയസ്സുകളെ ചൊരണം ചെയ്യുന്നവൻ- നവനീതപയസ്സുകൾ= നവനീതവും പയസ്സും- നവനീതം=വെണ്ണ- പയസ്സ=പാല- ചൊരണംചെയ്ക=മൊഷ്ടിക്ക- ഗൊപാലകഗൃഹം= ഗൊപാലകന്മാരുടെ ഗൃഹം- ഗൊപാലകന്മാർ=ഗൊപന്മാർ- ഗൃഹം=ഭവനം- ചരൻ=ചരിക്കുന്നവൻ- ചരിക്ക=സഞ്ചരിക്ക- നന്ദഗൊപദൃഗാനന്ദൻ=നന്ദഗൊപദൃക്കുകളെ ആനന്ദിപ്പിക്കുന്നവൻ- നന്ദഗൊപദൃക്കുകൾ=നന്ദഗൊപന്റെ ദൃക്കുകൾ- നന്ദഗൊപൻ=നന്ദഗൊപർ- ദൃക്കുകൾ=കണ്ണുകൾ- ആനന്ദിപ്പിക്ക=സുഖിപ്പിക്ക- (ശെഷം മെൽപ്രകാരം)

സാരം—ഞാൻ വെണ്ണയെയും പാൽ, തൈര ഇതുകളെയും മൊഷ്ടിക്കുന്നവനായിയും ഗൊപന്മാരുടെ ഗൃഹങ്ങളിൽ സഞ്ചരിക്കുന്നവനായിയും നന്ദഗൊപരുടെ കണ്ണുകൾക്ക ആനന്ദത്തെ ഉണ്ടാക്കുന്നവനായിയുമിരിക്കുന്ന ശ്രീകൃഷ്ണനെ ഭജിക്കുന്നു.

൫. പാശൈരുലൂഖലെബദ്ധംപുണ്യവത്യായശൊദയാ। നിത്യമുക്തംദയാസിന്ധുംവസുദെവസുതംഭജെ॥

അന്വയം—അഹം- പുണ്യവത്യാ-യശൊദയാ- പാശൈഃ- ഉലൂഖലെ-ബദ്ധം- നിത്യമുക്തം- ദയാസിന്ധും- വസുദെവസുതം-ഭജെ.

അന്വയാർത്ഥം—ഞാൻ പുണ്യവതിയായിരിക്കുന്ന യശോദയാൽ പാശങ്ങൾകൊണ്ടു ഉലൂഖലത്തിങ്കൽ ബദ്ധനായി നിത്യമുക്തനായി ദയാസിന്ധുവായിരിക്കുന്ന വസുദേവസുതനെ ഭജിക്കുന്നു.

പരിഭാഷാ—പുണ്യവതി=പുണ്യമുള്ളവൾ-പുണ്യം=സുകൃതം-പാശങ്ങൾ=കയറുകൾ- ഉലൂഖലം=ഉരല-ബദ്ധൻ= ബന്ധിക്കപ്പെട്ടവൻ- ബന്ധിക്ക=കെട്ടുക- നിത്യമുക്തൻ=എല്ലാസമയവും മുക്തൻ- മുക്തൻ=ബന്ധത്തൊടു കൂടാത്തവൻ- ദയാസിന്ധു=ദയാസമുദ്രം- (ശെഷം മെൽപ്രകാരം)

സാരം—പുണ്യവതിയായ യശോദയാൽ വളരെ കയറുകൾ കൊണ്ടു ഉരലിന്മെൽ കെട്ടപ്പെട്ടവനായിട്ടും എല്ലാസമയവും ബന്ധത്തൊടു കൂടാത്തവനായിട്ടും ദയയ്ക്കു ഇരിപ്പടമായിട്ടുമിരിക്കുന്ന ശ്രീകൃഷ്ണനെ ഞാൻ ഭജിക്കുന്നു.

൬. ഉത്തുംഗകകുഭപാദപനിപാതകൃതവിസ്മയം। ദാമൊദരംമഹീസൊമംവസുദെവസുതംഭജെ॥

അന്വയം—അഹം- ഉത്തുംഗകകുഭപാദപനിപാതകൃതവിസ്മയം- ദാമൊദരം-മഹീസൊമം- വസുദെവസുതം-ഭജെ.

അന്വയാർത്ഥം—ഞാൻ ഉത്തുംഗകകുഭപാദപനിപാതകൃത വിസ്മയനായി ദാമൊദരനായി മഹീസൊമനായിരിക്കുന്ന വസുദെവസുതനെ ഭജിക്കുന്നു.

പരിഭാഷാ—ഉത്തുംഗകകുഭപാദപനിപാതകൃത വിസ്മയൻ= ഉത്തുംഗകകുഭപാദപനിപാതംകൊണ്ടു കൃതമായിരിക്കുന്ന വിസ്മയത്തൊടുകൂടിയവൻ- ഉത്തുംഗകകുഭപാദപനിപാതം= ഉത്തുംഗകകുഭപാദപത്തിന്റെ നിപാതം- ഉത്തുംഗകകുഭപാദപം= ഉത്തുംഗമായിരിക്കുന്ന കകുഭപാദപം- ഉത്തുംഗം= ഉന്നതം- കകുഭപാദപം= കകുഭങ്ങളുടെ പാദപം- കകുഭങ്ങൾ= കകുഭവൃക്ഷങ്ങൾ- (നീർമരുതുമരങ്ങൾ.) നിപാതം=വീഴിക്ക- കൃതം= ഉണ്ടാക്കപ്പെട്ടത- വിസ്മയം= അത്ഭുതരസം- ദാമൊദരൻ= ദാമം ഉദരത്തിങ്കലുള്ളവൻ- ദാമം= കയറ- ഉദരം=വയറ- മഹീസൊമൻ= മഹിയെ പ്രാപിച്ചിരിക്കുന്ന സൊമൻ-മഹീ=ഭൂമി-സൊമൻ=ചന്ദ്രൻ- (ശെഷംമെൽപ്രകാരം.)

സാരം— ഞാൻ നന്ദഗൊപ ഗൃഹത്തിന്റെ സമീപത്തിങ്കൽ ഉയൎച്ചയൊടുകൂടെ നില്ക്കുന്നതായിരുന്ന രണ്ടു നീർമരുതുമരങ്ങളെ പുഴക്കിവീഴിച്ചിട്ടു അതുകൊണ്ടു ഗൊപന്മാൎക്കു വിസ്മയത്തെ ഉണ്ടാക്കിയവനായിട്ടും ഉരലിന്മെൽ കെട്ടുകകൊണ്ടു ഉദരത്തിങ്കൽ കയ

റൊട്ടുകൂടിയവനായിയും ഭൂമിയിലിറങ്ങിയ ചന്ദ്രനൊ എന്ന തൊന്നുമാറ ജനങ്ങളെ ആനന്ദിപ്പിക്കുന്നവനായിയു മിരിക്കുന്ന ശ്രീകൃഷ്ണനെ ഭജിക്കുന്നു-

൬. ക്രീഡന്തംയമുനാകൂലെഗൊപാലൈർവ്വയസാസമൈഃ|ഹൈമവംശലതാഹസ്തംവസുദെവസുതംഭജെ॥

അന്വയം— അഹം-യമുനാകൂലെ- വയസാസമൈഃ- ഗൊപാലൈഃ- ക്രീഡന്തം- ഹൈമവംശലതാഹസ്തം-വസുദെവസുതം- ഭജെ-

അന്വയാർത്ഥം—ഞാൻ യമുനാകൂലത്തിങ്കൽ വയസ്സുകൊണ്ടു സമന്മാരായിരിക്കുന്ന ഗൊപാലന്മാരൊടുകൂടെ ക്രീഡന്നായിഹൈമവംശലതാ ഹസ്തനായിരിക്കുന്ന വസുദെവസുതനെ ഭജിക്കുന്നു.

പരിഭാഷാ— യമുനാകൂലം=യമുനയുടെ കൂലം- യമുനാ= കാളിന്ദീനദി- കൂലം= വക്ക- സമന്മാർ= തുല്യന്മാർ- ഗൊപാലന്മാർ= ഗൊപകുമാരന്മാർ- ക്രീഡൻ=ക്രീഡിച്ചിയങ്ങുന്നവൻ- ക്രീഡിക്ക= കളിക്ക- ഹൈമവംശലതാഹസ്തൻ= ഹൈമവംശലതാഹസ്തത്തിങ്കലുള്ളവൻ- ഹൈമവംശലതാ= ഹൈമംകൊണ്ടുള്ളവംശലതാ- ഹൈമം= സ്വൎണ്ണം- വംശലതാ= നല്ല ഓടക്കുഴല- ഹസ്തം= കയ്യ- (ശെഷം മെൽപ്രകാരം.)

സാരം—ഞാൻ യമുനയെന്ന നദിയുടെ വക്കിൽ വയസ്സുകൊണ്ടുതുല്യന്മാരായിരിക്കുന്ന ഗൊപകുമാരന്മാരൊടുകൂടെ കളിക്കുന്നവനായിയും പൊന്നുകൊണ്ടു നിൎമ്മിക്കപ്പെട്ടതായി മനൊഹരമായിരിക്കുന്ന ഓടക്കുഴൽ കയ്യിലുള്ളവനായിയുമിരിക്കുന്ന ശ്രീകൃഷ്ണനെ ഭജിക്കുന്നു.

൭. കദംബതരുമൂലസ്ഥംവെണുനാദൈൎമ്മനൊഹരൈഃ|മൊഹയന്തംജഗൽസൎവ്വംവസുദെവസുതംഭജെ॥

അന്വയം— അഹം- കദംബതരുമൂലസ്ഥം- മനൊഹരൈഃ- വെണുനാദൈഃ- സൎവ്വം- ജഗൽ- മൊഹയന്തം- വസുദെവസുതം- ഭജെ-

അന്വയാർത്ഥം—ഞാൻ കദംബതരുമൂലസ്ഥനായി മനൊഹരങ്ങളായിരിക്കുന്ന വെണുനാദങ്ങൾകൊണ്ടു സൎവ്വമായിരിക്കുന്ന ജഗത്തിനെ മൊഹയന്നായിരിക്കുന്ന വസുദെവസുതനെ ഭജിക്കുന്നു.

പരിഭാഷാ— കദംബതരുമൂലസ്ഥൻ= കദംബതരുമൂലത്തിങ്കൽ സ്ഥിതിചെയ്യുന്നവൻ- കദംബതരുമൂലം= കദംബതരുവി

ന്റെ മൂലം- കദംബതരു= കദംബവൃക്ഷം- (കടമ്പ-) മൂലം=കട- സ്ഥിതിചെയ്യു=നില്ക്കു- വെണുനാദങ്ങൾ= വെണുവിന്റെ നാദങ്ങൾ- വെണു= ഓടക്കുഴല- നാദങ്ങൾ= ശബ്ദങ്ങൾ- സൎവ്വം= ഒട്ടൊഴിയാതെ ഉള്ളത- ജഗത്ത= ലൊകം- മൊഹയൻ= മൊഹിപ്പിച്ചിയങ്ങുന്നവൻ- മൊഹിപ്പിക്ക= ആനന്ദമൂൎഛയെ പ്രാപിപ്പിക്ക- (ശെഷം മെൽപ്രകാരം-)

സാരം—ഞാൻ കടമ്പിന്റെ കടയ്ക്കൽ നില്ക്കുന്നവനായിയും മധുരങ്ങളായിരിക്കുന്ന ഓടക്കുഴലിന്റെ ശബ്ദങ്ങൾകൊണ്ട എല്ലാവരുടെ മനസ്സിനെയും ആനന്ദിപ്പിച്ചിയങ്ങുന്നവനായിയുമിരിക്കുന്ന ശ്രീകൃഷ്ണനെ ഭജിക്കുന്നു.

൯. വാസുദെവാഷ്ടകംമൎത്ത്യഇത്ഥംയഃപ്രത്യഹംജപെൽ । പ്രയതൊഭക്തിയുക്തസ്സസൎവ്വത്രക്ഷെമമാപ്നുയാൽ॥

അന്വയം—യഃ- മൎത്ത്യഃ- പ്രയതഃ-ഭക്തിയുക്തഃ- പ്രത്യഹം- ഇത്ഥം- വാസുദെവാഷ്ടകം- ജപെൽ- സഃ- സൎവ്വത്രക്ഷെമം- ആപ്നുയാൽ-

അന്വയാൎത്ഥം— യാതൊരു മൎത്ത്യൻ പ്രയതനായി ഭക്തിയുക്തനായിട്ട അഹസ്സിങ്കൽ അഹസ്സിങ്കൽ ഇപ്രകാരം വാസുദെവാഷ്ടകത്തെ ജപിക്കുമൊ അവൻ സൎവ്വത്ര ക്ഷെമത്തെ പ്രാപിക്കും.

പരിഭാഷ—മൎത്ത്യൻ= മനുഷ്യൻ- പ്രയതൻ=ശുദ്ധൻ- ഭക്തിയുക്തൻ- ഭക്തിയൊട്ട കൂടിയവൻ- അഹസ്സ=പകല- ക്ഷെമം=ശുഭം.

സാരം—യാതൊരു മനുഷ്യൻ ശുദ്ധനായി ഭക്തിസഹിതനായിട്ട ദിവസംതൊറും ഇപ്രകാരം വാസുദെവാഷ്ടകത്തെ ജപിക്കുന്നുവൊ അവൻ ൟ ലൊകത്തിങ്കലും അന്യലൊകത്തിങ്കലും സുഖത്തെ ലഭിക്കും.

ഇതി വാദ്രാണ്യാപന്നാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതം വാസുദെവാഷ്ടകസ്തൊത്രം സവ്യാഖ്യയാ സഹ സമാപ്തം.

നരസിംഹാഷ്ടകം

൧. ഉത്തുംഗധവളാകാരംസടാകെസരഭൂഷണം। പ്രഹ്ലാദപ്രിയമത്യുഗ്രംനമാമിനൃഹരിംഹരം॥

അന്വയം— അഹം- ഉത്തുംഗധവളാകാരം-സടാകെസരഭൂ

ഷണം-പ്രഹ്ലാദപ്രിയം-അത്യുഗ്രം-നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം—ഞാൻ ഉത്തുംഗധവളാകാരനായി സടാകെസരഭൂഷണനായി പ്രഹ്ലാദപ്രിയനായി അത്യുഗ്രനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ— ഉത്തുംഗധവളാകാരൻ=ഉത്തുംഗമായി ധവളമായിരിക്കുന്ന ആകാരത്തോടു കൂടിയവൻ. ഉത്തുംഗം=ഉന്നതം. ധവളം=വെളുത്തിരിക്കുന്നത. ആകാരം=ആകൃതി. സടാകെസരഭൂഷണൻ=സടാകെസരങ്ങളാകുന്ന ഭൂഷണത്തോടു കൂടിയവൻ. സടാകെസരങ്ങൾ=കെസരങ്ങൾപൊലെ ഇരിക്കുന്ന സടകൾ. കെസരങ്ങൾ=അല്ലികൾ. സടകൾ=സ്കന്ധരോമങ്ങൾ. ഭൂഷണം=അലംകാരം. പ്രഹ്ലാദപ്രിയൻ=പ്രഹ്ലാദനാകുന്ന പ്രിയനൊടു കൂടിയവൻ. പ്രിയൻ=ഇഷ്ടൻ. അത്യുഗ്രൻ=ഏററവും ഉഗ്രൻ. ഉഗ്രൻ=ഭയംകരരൂപൻ. നൃഹരി=നരസിംഹം. ഹരി=വിഷ്ണു. നമിക്ക=നമസ്കരിക്ക.

സാരം—ഞാൻ ഉയൎച്ചയൊടുകൂടി വെളുത്തതായിരിക്കുന്ന ശരീരത്തൊടുകൂടിയവനായിയും കൃശങ്ങളായി നീണ്ടിരിക്കുന്ന സ്കന്ധരോമങ്ങൾകൊണ്ടു ശോഭിക്കുന്നവനായിയും പ്രഹ്ലാദങ്കൽ അതിവാത്സല്യത്തോടു കൂടിയവനായിയും ഭയംകരമായ രൂപത്തോടു കൂടിയവനായിയുമിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ നമസ്കരിക്കുന്നു.

൨. വിശംകടവലീഭംഗഭീഷണം ഭക്തപോഷണം। ആജിഹ്മ
നഖൈൎദ്ദീപ്രംനമാമിനൃഹരിംഹരിം॥

അന്വയം—അഹം- വിശംകടവലീഭംഗഭീഷണം-ഭക്തപൊഷണം-ആജിഹ്മനഖൈഃ-ദീപ്രം-നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം—ഞാൻ വിശംകടവലീഭംഗഭീഷണനായി ഭക്തപൊഷണനായി ആജിഹ്മനഖരങ്ങൾകൊണ്ടു ദീപ്രനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ— വിശംകടവലീഭംഗഭീഷണൻ=വിശംകടവലീഭംഗങ്ങൾകൊണ്ടു ഭീഷണൻ. വിശംകടവലീഭംഗങ്ങൾ=വിശംകടകളായിരിക്കുന്ന വലികളുടെ ഭംഗങ്ങൾ. വിശംകടകൾ=വലുതായിരിക്കുന്നവ. വലികൾ=ചുളികൾ. ഭംഗങ്ങൾ=വളവുകൾ. ഭീഷണൻ=ഭയംകരൻ. ഭക്തപോഷണൻ=ഭക്തന്മാരെ പോഷിപ്പിക്കുന്നവൻ. പൊഷിപ്പിക്ക=പുഷ്ടിയൊടുകൂടിയവരാക്കിച്ചെയ്ക. ആജിഹ്മനഖരങ്ങൾ=ആജിഹ്മങ്ങളായിരിക്കുന്ന നഖരങ്ങൾ. ആജിഹ്മങ്ങൾ=അല്പമായ വളവൊടു കൂടിയവ. നഖരങ്ങൾ=ന

ഖങ്ങൾ. ദീപ്രൻ=ദീപിച്ചവൻ. ദീപിക്ക=ശൊഭിക്ക. (ശെഷം മെൽപ്രകാരം.)

സാരം—ഞാൻ മുഖത്തിങ്കൽ ഇരുഭാഗങ്ങളിലും കവിളിന്മെൽ വലുതായി വളവൊട്ടുകൂടി പ്രകാശിച്ചതുകളായ ചുളികൾ കൊണ്ടു ഭയംകരനായിയും അല്പമായ വളവൊട്ടുകൂടിയതുകളായ നഖങ്ങൾകൊണ്ടു ശൊഭിച്ചവനായിയുമിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ നമസ്കരിക്കുന്നു.

൩. ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതാനെകമഹായുധം। സ്തനിതൊപമനിൎഘൊഷം നമാമിനൃഹരിംഹരിം॥

അന്വയം— അഹം - ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതാനെകമഹായുധം- സ്തനിതൊപമനിൎഘൊഷം- നൃഹരിം- ഹരിം- നമാമി-

അന്വയാൎത്ഥം—ഞാൻ ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതാനെകമഹായുധനായി സ്തനിതൊപമനിൎഘൊഷനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ— ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതാനെകമഹായുധൻ=ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതങ്ങളായി അനെകങ്ങളായിരിക്കുന്ന മഹായുധങ്ങളൊട്ടുകൂടിയവൻ. ഹ്രസ്വപീവരദൊഷ്ഷണ്ഡധൃതങ്ങൾ=ഹ്രസ്വപീവരദൊഷ്ഷണ്ഡംകൊണ്ടു ധൃതങ്ങൾ. ഹ്രസ്വപീവരദൊഷ്ഷണ്ഡം=ഹ്രസ്വപീവരദൊസ്സുകളുടെ ഷണ്ഡം- ഹ്രസ്വപീവരദൊസ്സുകൾ=ഹ്രസ്വപീവരങ്ങളായിരിക്കുന്ന ദൊസ്സുകൾ. ഹ്രസ്വപീവരങ്ങൾ=ഹ്രസ്വങ്ങളായിയും പീവരങ്ങളായിയുമുള്ളവ. ഹ്രസ്വങ്ങൾ=നീളംകുറഞ്ഞവ. പീവരങ്ങൾ=തടിച്ചവ. ദൊസ്സുകൾ=കൈകൾ. ഷണ്ഡം=സമൂഹം. ധൃതങ്ങൾ=ധരിക്കപ്പെട്ടവ. അനെകങ്ങൾ=ബഹുക്കൾ. മഹായുധങ്ങൾ=മഹത്തുകളായിരിക്കുന്ന ആയുധങ്ങൾ. മഹത്തുകൾ=വലുതായിരിക്കുന്നവ. സ്തനിതൊപമനിൎഘൊഷൻ=സ്തനിതൊപമമായിരിക്കുന്ന നിൎഘൊഷത്തൊടുകൂടിയവൻ. സ്തനിതൊപമം=സ്തനിതത്തൊടു സദൃശം. സ്തനിതം=ഇടിനാദം. നിൎഘൊഷം=ശബ്ദം. (ശെഷം മെൽപ്രകാരം.)

സാരം—നീളംകുറഞ്ഞും തടിഏറിയുമിരിക്കുന്ന അനെകഹസ്തങ്ങൾകൊണ്ടു അനെകങ്ങളായ മഹായുധങ്ങളെ ധരിച്ചവനായിയും ഇടിനാദത്തൊടു സദൃശമായ കണ്ഠധ്വനിയൊടുകൂടിയവനായിയുമിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു.

൪. ഹിരണ്യകശിപൊൎവ്വക്ഷൊവിദാൎണ്ണനഖരൈഃഖരൈഃ।

പീതവന്തമമസൃക്തസ്യനമാമിനൃഹരിംഹരിം॥

അന്വയം—അഹം- ഖരൈഃ- നഖരൈഃ- ഹിരണ്യകശിപൊഃ-വക്ഷഃ-വിദാൎയ്യ-തസ്യ- അസൃക്‌-പീതവന്തം-നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം—ഞാൻ ഖരങ്ങളായിരിക്കുന്ന നഖരങ്ങൾകൊണ്ടു ഹിരണ്യകശിപുവിന്റെ വക്ഷസ്സിനെ വിദാരണംചെയ്തിട്ട അവന്റെ അസൃക്കിനെ പീതവാനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു-

പരിഭാഷാ—ഖരങ്ങൾ=തീക്ഷ്ണങ്ങൾ-നഖരങ്ങൾ=നഖങ്ങൾ-ഹിരണ്യകശിപു=ഹിരണ്യകശിപുഎന്ന അസുരൻ- വക്ഷസ്സ=മാറിടം- വിദാരണംചെയ്ക=പിളൎക്കുക-അവൻ=ഹിരണ്യകശിപു- അസൃക്ക=രക്തം-പീതവാൻ= പാനംചെയ്തവൻ-പാനംചെയ്ക=കുടിക്ക-(ശെഷംമെൽപ്രകാരം)

സാരം—തീക്ഷ്ണങ്ങളായിരിക്കുന്നനഖങ്ങൾകൊണ്ടു ഹിരണ്യകശിപുഎന്നഅസുരന്റെ മാറിടത്തെ ഭെദിച്ചിട്ട അവന്റെ രക്തത്തെ കുടിച്ചവനായിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു.

൫.സകലാസുരസംഹാരപ്രവൃത്തമുരുവിക്രമം। സ്തൂയമാനംസുരൈസ്സെന്ദ്രൈൎന്നമാമിനൃഹരിംഹരിം॥

അന്വയം—അഹം-സകലാസുരസംഹാരപ്രവൃത്തം- ഉരുവിക്രമം-സെന്ദ്രൈഃ-സുരൈഃ-സ്തൂയമാനം- നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം—ഞാൻ സകലാസുരസംഹാര പ്രവൃത്തനായി ഉരുവിക്രമനായി സെന്ദ്രന്മാരായിരിക്കുന്ന സുരന്മാരാൽ സ്തൂയമാനനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ— സകലാസുരസംഹാരപ്രവൃത്തൻ=സകലാസുരസംഹാരത്തിനായിക്കൊണ്ടു പ്രവൃത്തൻ- സകലാസുരസംഹാരം=സകലാസുരന്മാരുടെ സംഹാരം- സകലാസുരന്മാർ=സകലന്മാരായിരിക്കുന്ന അസുരന്മാർ- സകലന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ-സംഹാരം=നിഗ്രഹം-പ്രവൃത്തൻ=പ്രവൎത്തിച്ചവൻ-പ്രവൎത്തിക്ക=ഉത്സാഹിക്ക- ഉരുവിക്രമൻ=ഉരുവായിരിക്കുന്നവിക്രമത്തൊടുകൂടിയവൻ- ഉരു=മഹത്ത-വിക്രമം=പരാക്രമം-സെന്ദ്രന്മാർ=ഇന്ദ്രനൊടുകൂടിയവർ- സുരന്മാർ=ദെവന്മാർ- സ്തൂയമാനൻ=സ്തുതിക്കപ്പെട്ടിയങ്ങുന്നവൻ-(ശെഷംമെൽപ്രകാരം).

സാരം—സൎവ്വന്മാരായിരിക്കുന്ന അസുരന്മാരെ സംഹരിപ്പാ

നായിക്കൊണ്ട ആരംഭിച്ചവനായിയും അതുകണ്ടപ്പൊൾ ഭയ്ത്തൊടു കൂടിയവരായ സകലദെവന്മാരാലും സ്തുതിക്കപ്പെട്ടിയങ്ങുന്നവനായിയുമിരിക്കുന്ന നരസിംഹസ്വരൂപനായവിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു.

൬. പ്രണമത്യഗ്രതൊഭക്ത്യാപ്രഹ്ലാദെശമമാശ്രിതം। സെവ്യംശമധനൈൎന്നിത്യംനമാമിനൃഹരിംഹരിം॥

അന്വയം — അഹം- പ്രഹ്ലാദെ-ഭക്ത്യാ-അഗ്രതഃ- പ്രണമതി- ശമം-ആശ്രിതം- ശമധനൈഃ- നിത്യം-സെവ്യം-നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം — ഞാൻ പ്രഹ്ലാദൻ ഭക്തിയൊടുകൂടെ അഗ്രത്തിങ്കൽ പ്രണമനായിരിക്കും സമയത്തിങ്കൽ ശമത്തെ ആശ്രിതനായി ശമധനന്മാരാൽ എല്ലാസമയവും സെവ്യനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ — പ്രഹ്ലാദൻ=പ്രഹ്ലാദനെന്നപെരൊടുകൂടിയ അസുരൻ. അഗ്രം=മുമ്പ. പ്രണമൻ=പ്രണമിച്ചിയങ്ങുന്നവൻ. പ്രണമിക്ക=നമസ്കരിക്ക. ശമം=ഉപശമം. ആശ്രിതൻ=ആശ്രയിച്ചവൻ. ശമധനന്മാർ=തപസ്വികൾ. സെവ്യൻ=സെവിക്കപ്പെടുവാൻയൊഗ്യൻ. (ശെഷംമെൽപ്രകാരം)

സാരം — ദെവന്മാർ എല്ലാവരും സ്തുതിച്ചിട്ടും കൊപംശമിക്കാക്കാതെ കണ്ടപ്പൊൾ ബ്രഹ്മാവിൻെറ ആജ്ഞഹെതുവായിട്ട ഹിരണ്യകശിപുവിൻെറ പുത്രനായി പ്രഹ്ലാദനെന്നപെരൊടു കൂടിയ അസുരകുമാരൻ ഭക്തിയുക്തനായി മുമ്പിൽവന്ന നമസ്കരിച്ച സമയം പ്രസന്നനായിയും തപസ്വികൾക്ക സെവിക്കപ്പെടുവാൻ യൊഗ്യനായിയുമിരിക്കുന്ന നരസിംഹസ്വരൂപനായ വിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു.

൭. സദനുഗ്രഹണാസക്തംദുരാചാരദുരാസദം।പ്രഹ്ലാദെദൎശിതസ്നെഹംനമാമിനൃഹരിംഹരിം॥

അന്വയം — അഹം- സദനുഗ്രഹണാസക്തം-ദുരാചാരദുരാസദം-പ്രഹ്ലാദെ-ദൎശിതസ്നെഹം-നൃഹരിം-ഹരിം-നമാമി-

അന്വയാൎത്ഥം — ഞാൻസദനുഗ്രഹണാസക്തനായി ദുരാചാരദുരാസദനായി പ്രഹ്ലാദങ്കൽ ദൎശിതസ്നെഹനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു.

പരിഭാഷാ — സദനുഗ്രഹണാസക്തൻ=സദനുഗ്രഹണത്തിൽ ആസക്തൻ. സദനുഗ്രഹണം=സത്തുകളുടെ അനുഗ്രഹണം. സത്തുകൾ=സജ്ജനങ്ങൾ. അനുഗ്രഹണം=അനുഗ്രഹം.

ആസക്തൻ= താൽപൎയ്യത്തോടു കൂടിയവൻ. ദുരാചാരദുരാസദൻ=ദുരാചാരന്മാരാൽ ദുരാസദൻ. ദുരാചാരന്മാർ=ദുഷ്ടമായിരിക്കുന്ന ആചാരത്തോടു കൂടിയവർ. ദുരാസദൻ=ദുഷ്പ്രാപൻ. പ്രഹ്ലാദൻ=പ്രഹ്ലാദനാകുന്ന അസുരൻ. ദൎശിതസ്നേഹൻ=ദൎശിതമായിരിക്കുന്ന സ്നേഹത്തോടു കൂടിയവൻ. ദൎശിതം=ദൎശിപ്പിക്കപ്പെട്ടതു. ദൎശിപ്പിക്ക=കാണിക്ക. (ശേഷം മേൽപ്രകാരം)

സാരം—സജ്ജനാനുഗ്രഹത്തിങ്കൽ താൽപൎയ്യത്തോടുകൂടിയവനായിയും ദുൎജ്ജനങ്ങൾക്കു അടുത്തുകൂടാത്തവനായിയും പ്രഹ്ലാദങ്കൽ സ്നേഹത്തെ പ്രകാശിപ്പിച്ചവനായിയുമിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു.

൭. ഋഷിഭ്യശ്ശുദ്ധവിജ്ഞാനദാതാരംസൎവ്വതഃപരം। ഋഷിപ്രഗീതമഹാത്മ്യംനമാമിനൃഹരിംഹരിം॥

അന്വയം—അഹം- ഋഷിഭ്യഃ- ശുദ്ധവിജ്ഞാനദാതാരം- സൎവ്വതഃ-പരം- ഋഷിപ്രഗീതമാഹാത്മ്യം- നൃഹരിം- ഹരിം-നമാമി.

അന്വയാൎത്ഥം—ഞാൻ ഋഷികൾക്കായിക്കൊണ്ടു ശുദ്ധവിജ്ഞാനദാതാവായി സൎവ്വന്മാരിൽനിന്നും പരനായി ഋഷിപ്രഗീതമാഹാത്മ്യനായിരിക്കുന്ന നൃഹരിയാകുന്ന ഹരിയെ നമിക്കുന്നു-

പരിഭാഷാ—ഋഷികൾ=മഹൎഷിമാർ- ശുദ്ധവിജ്ഞാനദാതാവ=ശുദ്ധവിജ്ഞാനത്തെ ദാനംചെയ്തവൻ- ശുദ്ധവിജ്ഞാനം=ശുദ്ധമായിരിക്കുന്ന വിജ്ഞാനം- വിജ്ഞാനം=അറിവ- ദാനം ചെയ്ക=കൊടുക്കുക- സൎവ്വന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ- പരൻ=ഉൽകൃഷ്ടൻ- ഋഷിപ്രഗീതമാഹാത്മ്യൻ=ഋഷിപ്രഗീതമായിരിക്കുന്ന മാഹാത്മ്യത്തോടുകൂടിയവൻ- ഋഷിപ്രഗീതം=ഋഷിയാൽപ്രഗീതം- ഋഷി=വേദം- പ്രഗീതം=വൎണ്ണിക്കപ്പെട്ടതു- മാഹാത്മ്യം=മഹത്വം- (ശേഷം മേൽപ്രകാരം)

സാരം—മഹൎഷിമാൎക്കു മോക്ഷസാധനമായഅറിവിനെകൊടുത്തവനായിയും എല്ലാവരെക്കാളും ഉൽകൃഷ്ടനായിയും വേദത്താൽ വൎണ്ണിക്കപ്പെട്ട മാഹാത്മ്യത്തോടു കൂടിയവനായിയുമിരിക്കുന്ന നരസിംഹരൂപനായ വിഷ്ണുവിനെ ഞാൻ നമസ്കരിക്കുന്നു-

൮. ഇത്ഥംയഃപ്രത്യഹംമൎത്ത്യാനരസിംഹാഷ്ടകംപഠേൽ। സവിധൂയാഖിലംപാപമപവൎഗ്ഗമവാപ്നുയാൽ॥

അന്വയം—യഃ- മൎത്ത്യഃ-ഇത്ഥം- നരസിംഹാഷ്ടകം- പ്രത്യഹം-പഠേൽ- സഃ- അഖിലം- പാപം-വിധൂയ-അപവൎഗ്ഗം- അവാപ്നുയാൽ.

അന്വയാൎത്ഥം—യാതൊരു മൎത്ത്യൻ ഇപ്രകാരം നരസിംഹാഷ്ടകത്തെ അഹസ്സിങ്കൽ അഹസ്സിങ്കൽ പഠിക്കുമൊ അവൻ അഖിലമായിരിക്കുന്ന പാപത്തെ വിധൂനനം ചെയ്തിട്ടു അപവൎഗ്ഗത്തെ അവാപിക്കും.

പരിഭാഷാ—മൎത്ത്യൻ=മനുഷ്യൻ- അഹസ്സ=ദിവസം- പഠിക്ക=ജപിക്ക- അഖിലം=ഒട്ടൊഴിയാതെ ഉള്ളത- വിധൂനനംചെയ്ക=ഉപെക്ഷിക്ക- അപവൎഗ്ഗം=മൊക്ഷം- അവാപിക്ക=പ്രാപിക്ക.

സാരം—യാതൊരുത്തൻദിവസംതൊറും ഇപ്രകാരം നരസിംഹാഷ്ടകത്തെ ജപിക്കുന്നുവൊ അവൻ സകലപാപങ്ങളിൽ നിന്നും വെർപെട്ടു മൊക്ഷത്തെ പ്രാപിക്കും.

ഇതി വാദ്ധ്യാന്സൊപനാമകരാമാനന്ദ നാഥപണ്ഡിതപാരശവെന്ദ്രകൃത നരസിംഹാഷ്ടകസ്തൊത്രം സവ്യാഖ്യായാസഹസമാപ്തം-

---

ഭദ്രകാള്യഷ്ടകം

൧. ഭജമാനജനാശെഷഭയസംഹാരകാരിണീം। മഹാകാളാംകമാരൂഢാംഭദ്രകാളീമുപാസ്മഹെ॥

അന്വയം—വയം- ഭജമാനജനാശെഷഭയ സംഹാരകാരിണീം- മഹാകാളാംകം- ആരൂഢാം- ഭദ്രകാളീം- ഉപാസ്മഹെ.

അന്വയാൎത്ഥം—ഞങ്ങൾ ഭജമാനജനാശെഷഭയ സംഹാരകാരിണിയായി മഹാകാളാംകത്തെ ആരൂഢയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ—ഭജമാനജനാശെഷഭയസംഹാരകാരിണീ= ഭജമാനജനാശെഷഭയസംഹാരത്തെചെയ്യുന്നവൾ. ഭജമാനജനാശെഷഭയസംഹാരം=ഭജമാനജനാശെഷഭയങ്ങളുടെ സംഹാരം. ഭജമാനജനാശെഷഭയങ്ങൾ= ഭജമാനജനങ്ങളുടെ അശെഷഭയങ്ങൾ. ഭജമാനജനങ്ങൾ= ഭജമാനന്മാരായിരിക്കുന്ന ജനങ്ങൾ- ഭജമാനന്മാർ=ഭജിച്ചിരിക്കുന്നവര- ഭജിക്ക=സെവിക്ക- അശെഷഭയങ്ങൾ= അശെഷങ്ങളായിരിക്കുന്ന ഭയങ്ങൾ- അശെഷങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- സംഹാരം=സംഹരണം- മഹാകാളാംകം=മഹാകാളന്റെ അംകം- മഹാകാളൻ=മഹാകാളനെന്ന ദെവൻ- അംകം=മടി- ആരൂഢാ=ആരൊഹിച്ചവൾ- ആരൊഹിക്ക=കരെറുക- ഭദ്രകാളീ=ഭദ്രകാളീഎന്ന ദെവി- ഉപാസിക്ക=സെവിക്ക.

സാരം—തന്നെ ഭജിക്കുന്ന ജനങ്ങളുടെ സർവ്വഭയത്തെയും സംഹരിക്കുന്നവളായിയും മഹാകാളനെന്നു ദേവന്റെ മടിയിൽ ഇരിക്കുന്നവളായിയുമിരിക്കുന്ന ഭദ്രകാളി എന്ന ദേവിയെ ഞങ്ങൾ സേവിക്കുന്നു.

൭. നാളീകനയനാമംബുദാളീമേചകവിഗ്രഹാം । കാളാളകാവലീരമ്യാംഭദ്രകാളീമുപാസ്മഹെ॥

അന്വയം— വയം- നാളീകനയനാം- അംബുദാളീമേചകവിഗ്രഹാം- കാളാളകാവലീരമ്യാം- ഭദ്രകാളീം- ഉപാസ്മഹെ-

അന്വയാർത്ഥം—ഞങ്ങൾ നാളീകനയനയായി അംബുദാളീമേചകവിഗ്രഹയായി കാളാളകാവലീരമ്യയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു-

പരിഭാഷാ—നാളീകനയനാ= നാളീകങ്ങൾപോലെ ഇരിക്കുന്ന നയനങ്ങളോടു കൂടിയവൾ- നാളീകങ്ങൾ= താമരപ്പൂക്കൾ- നയനങ്ങൾ= കണ്ണുകൾ- അംബുദാളീമേചകവിഗ്രഹാ= അംബുദാളീമേചകമായിരിക്കുന്ന വിഗ്രഹത്തോടു കൂടിയവൾ- അംബുദാളീമേചകം= അംബുദാളിപോലെ മേചകം- അംബുദാളീ= അംബുദങ്ങളുടെ ആളീ- അംബുദങ്ങൾ= മേഘങ്ങൾ- ആളീ=സമൂഹം- മേചകം= കറുത്തിരിക്കുന്നതു- വിഗ്രഹം= ശരീരം- കാളാളകാവലിരമ്യാ= കാളാളകാവലിഹേതുവായിട്ടു രമ്യാ- കാളാളകാവലീ= കാളാളകങ്ങളുടെ ആവലീ- കാളാളകങ്ങൾ= കാളങ്ങളായിരിക്കുന്ന അളകങ്ങൾ- കാളങ്ങൾ= കറുത്തിരിക്കുന്നവ- അളകങ്ങൾ= കുറുനിരകൾ- രമ്യാ= മനോഹരാ- (ശേഷം മേൽപ്രകാരം-)

സാരം—താമരപ്പൂക്കൾ പോലെ ഇരിക്കുന്ന കണ്ണുകളോടു കൂടിയവളായിയും മേഘസമൂഹംപോലെ കറുത്തതായ ശരീരത്തോടുകൂടിയവളായിയും കറുത്തിരിക്കുന്ന കുറുനിരകളുടെ സമൂഹം ഹേതുവായിട്ടു മനോഹരയായിയുമിരിക്കുന്ന ഭദ്രകാളി എന്ന ദേവിയെ ഞങ്ങൾ സേവിക്കുന്നു.

൮. നമദ്ഗീർവ്വാണമൌലിസ്ഥമണികർബ്ബുരിതാംഘ്രികാം। രത്നപീഠെസമാസീനാംഭദ്രകാളീമുപാസ്മഹെ॥

അന്വയം—വയം- നമദ്ഗീർവ്വാണമൌലിസ്ഥമണികർബ്ബുരിതാംഘ്രികാം- രത്നപീഠെ- സമാസീനാം-ഭദ്രകാളീം- ഉപാസ്മഹെ-

അന്വയാർത്ഥം— ഞങ്ങൾ നമദ്ഗീർവ്വാണമൌലിസ്ഥമണികർബ്ബുരിതാംഘ്രിയായി രത്നപീഠത്തിങ്കൽ സമാസീനയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ— നമദ്ഗീർവ്വാണമൌലിസ്ഥമണികർബ്ബുരിതാംഘ്രി

കാ= നമദ്ഗീർവ്വാണമൌലിസ്ഥമണി കർബ്ബുരിതങ്ങളായിരിക്കുന്ന അംഘ്രികളോടു കൂടിയവൾ- നമദ്ഗീർവ്വാണമൌലിസ്ഥമണികർബ്ബുരിതങ്ങൾ= നമദ്ഗീർവ്വാണമൌലിസ്ഥമണികളാൽ കർബ്ബുരിതങ്ങൾ- നമദ്ഗീർവ്വാണമൌലിസ്ഥമണികൾ= നമദ്ഗീർവ്വാണമൌലിസ്ഥങ്ങളായിരിക്കുന്ന മണികൾ- നമദ്ഗീർവ്വാണമൌലിസ്ഥങ്ങൾ= നമദ്ഗീർവ്വാണമൌലികളിൽ സ്ഥിതിചെയ്യുന്നവ- നമദ്ഗീർവ്വാണമൌലികൾ= നമദ്ഗീർവ്വാണന്മാരുടെ മൌലികൾ- നമദ്ഗീർവ്വാണന്മാർ= നമത്തുകളായിരിക്കുന്ന ഗീർവ്വാണന്മാർ- നമത്തുകൾ= നമിച്ചിയങ്ങുന്നവർ- നമിക്ക= നമസ്കരിക്ക- ഗീർവ്വാണന്മാർ= ദെവന്മാർ- മൌലികൾ= കിരീടങ്ങൾ- മണികൾ= രത്നങ്ങൾ- കർബ്ബുരിതങ്ങൾ= കർബ്ബുരങ്ങളാക്കപ്പെട്ടവ- കർബ്ബുരങ്ങൾ= ചിത്രവർണ്ണങ്ങൾ- അംഘ്രികൾ= ചരണങ്ങൾ- രത്നപീഠം= രത്നമയമായിരിക്കുന്ന പീഠം- സമാസീനാ= ഇരിക്കുന്നവൾ- (ശെഷം മെൽപ്രകാരം.)

സാരം— ദെവന്മാർ വന്നു നമസ്കരിക്കുംപൊൾ അവരുടെ കിരീടങ്ങളിൽ ഉള്ള നാനാവർണ്ണങ്ങളായിരിക്കുന്ന രത്നങ്ങളുടെ പ്രഭകൾ വ്യാപിക്കുക നിമിത്തമായിട്ടു അനെക വർണ്ണങ്ങളായിരിക്കുന്ന പാദങ്ങളൊടു കൂടിയവളായിയും രത്നമയമായിരിക്കുന്ന പീഠത്തിങ്കൽ ഇരിക്കുന്നവളായിയുമിരിക്കുന്ന ഭദ്രകാളി എന്ന ദെവിയെ ഞങ്ങൾ ഉപാസിക്കുന്നു.

൮. സർവ്വമംഗലമംഗല്യാംസർവ്വാർത്ഥാപായവീക്ഷണാം। ശാന്തിദാംസർവ്വദുഃഖാനാംഭദ്രകാളിമുപാസ്മഹെ॥

അന്വയം— വയം-സർവ്വമംഗലമംഗല്യാം- സർവ്വാർത്ഥാപായവീക്ഷണാം- സർവ്വദുഃഖാനാം- ശാന്തിദാം- ഭദ്രകാളീം- ഉപാസ്മഹെ-

അന്വയാർത്ഥം—ഞങ്ങൾ സർവ്വമംഗലമംഗല്യയായി സർവ്വാർത്ഥാപായ വീക്ഷണയായി സർവ്വദുഃഖങ്ങളുടെ ശാന്തിദയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ— സർവ്വമംഗലമംഗല്യാ=സർവ്വമംഗലങ്ങളെക്കാൾ മംഗല്യാ. സർവ്വമംഗലങ്ങൾ=സർവ്വങ്ങളായിരിക്കുന്ന മംഗലങ്ങൾ. സർവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. മംഗലങ്ങൾ=ശുഭകർമ്മങ്ങൾ. മംഗല്യാ=മംഗലത്തിന്നായിക്കൊണ്ടു ഹിതാ. മംഗലം=ശുഭം. സർവ്വാർത്ഥാപായവീക്ഷണാ=സർവ്വാർത്ഥാപായമായിരിക്കുന്ന വീക്ഷണത്തൊടുകൂടിയവൾ. സർവ്വാർത്ഥാപായം=സർവ്വാർത്ഥങ്ങളുടെ ഉപായം. സർവ്വാർത്ഥങ്ങൾ=സർവ്വങ്ങളായിരിക്കുന്ന അ

ൎത്ഥങ്ങൾ. സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. അൎത്ഥങ്ങൾ=പ്രയോജനങ്ങൾ. ഉപായങ്ങൾ=പ്രാപ്തിസാധനം. വീക്ഷണം=കൃപാകടാക്ഷം. സൎവ്വദുഃഖങ്ങൾ=സൎവ്വങ്ങളായിരിക്കുന്ന ദുഃഖങ്ങൾ. സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. ശാന്തിദാ=ശാന്തിയെ ദാനംചെയ്യുന്നവൾ. ശാന്തി=ശമനം. ദാനംചെയ്ക=കൊടുക്കുക. (ശെഷംമെൽപ്രകാരം)

സാരം—തന്നെ ഭജിക്കുന്നവൎക്ക അന്യങ്ങളായിരിക്കുന്ന സകല മംഗലകൎമ്മങ്ങളെക്കാളും അധികമായ മംഗലത്തിന്ന ഹെതുവായിയും സൎവ്വസിദ്ധികരമായ കൃപാകടാക്ഷത്തൊടു കൂടിയവളായിയും സൎവ്വദുഃഖത്തെയും ശമിപ്പിക്കുന്നവളായിയുമിരിക്കുന്ന ഭദ്രകാളീഎന്നദെവിയെ ഞങ്ങൾ സെവിക്കുന്നു.

൭. മാതംഗകുണ്ഡലൊപെതാം മദക്രൊധാരുണെക്ഷണാം।
മഹാദാനവസംഹൎത്രീം ഭദ്രകാളീമുപാസ്മഹെ॥

അന്വയം—വയം-മാതംഗകുണ്ഡലൊപെതാം- മദക്രൊധാരുണെക്ഷണാം-മഹാദാനവസംഹൎത്രീം-ഭദ്രകാളീം- ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ മാതംഗകുണ്ഡലൊപെതയായി മദക്രൊധാരുണെക്ഷണയായി മഹാദാനവസംഹൎത്രിയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ— മാതംഗകുണ്ഡലൊപെതാ=മാതംഗങ്ങളാകുന്ന കുണ്ഡലങ്ങളൊടു കൂടിയവൾ. മാതംഗങ്ങൾ=ഗജങ്ങൾ. കുണ്ഡലങ്ങൾ=കൎണ്ണാഭരണങ്ങൾ. മദക്രൊധാരുണെക്ഷണാ=മദക്രൊധാരുണങ്ങളായിരിക്കുന്ന ഈക്ഷണങ്ങളൊടു കൂടിയവൾ. മദക്രൊധാരുണങ്ങൾ=മദക്രൊധങ്ങൾ ഹെതുവായിട്ടു അരുണങ്ങൾ. മദക്രൊധങ്ങൾ=മദവും ക്രൊധവും. മദം=മദ്യപാനം ഹെതുവായിട്ടുണ്ടായതായ മത്ത- ക്രൊധം=കൊപം. അരുണങ്ങൾ=അല്പമായ ചുവപ്പൊടുകൂടിയവ. ഈക്ഷണങ്ങൾ=കണ്ണുകൾ. മഹാദാനവസംഹൎത്രീ=മഹാദാനവന്മാരെ സംഹരിക്കുന്നവൾ. മഹാദാനവന്മാർ=മഹാന്മാരായിരിക്കുന്ന ദാനവന്മാർ. മഹാന്മാർ=പ്രബലന്മാർ. ദാനവന്മാർ=അസുരന്മാർ. സംഹരിക്ക=കൊല്ലുക (ശെഷം മെൽപ്രകാരം.)

സാരം—കാതുകളിൽ കുണ്ഡലങ്ങളെ ധരിക്കുന്നതുപൊലെ ഓരൊന്നിൽ ഓരൊ ഗജത്തെ ധരിച്ചവളായിയും മദം ഹെതുവായിട്ടും കൊപം ഹെതുവായിട്ടും അരുണവൎണ്ണങ്ങളായിരിക്കുന്ന കണ്ണുകളൊടു കൂടിയവളായിയും പ്രബലന്മാരായിരിക്കുന്ന അസുരന്മാരെ സംഹരിക്കുന്നവളായിയുമിരിക്കുന്ന ഭദ്രകാളി എന്നദെ

യെ ഞങ്ങൾ സെവിക്കുന്നു.

൬· ക്രോധാരുണകപൊലാതിഭയംകരവരാനനാം। ദൃപ്തദൈത്യവധൊദ്യുക്താം ഭദ്രകാളീമുപാസ്മഹെ॥

അന്വയം — വയം-ക്രോധാരുണകപൊലാതിഭയംകരവരാനനാം-ദൃപ്തദൈത്യവധൊദ്യുക്താം-ഭദ്രകാളീം-ഉപാസ്മഹെ-

അന്വയാൎത്ഥം — ഞങ്ങൾ ക്രോധാരുണകപൊലാതിഭയംകരവരാനനയായി ദൃപ്തദൈത്യവധൊദ്യുക്തയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ — ക്രോധാരുണാകപൊലാതിഭയംകരവരാനനാ= ക്രോധാരുണകപൊലമായി അതിഭയംകരമായി വരമായിരിക്കുന്ന ആനനത്തൊടു കൂടിയവൾ. ക്രോധാരുണകപൊലം=ക്രോധാരുണങ്ങളായിരിക്കുന്ന കപൊലങ്ങളൊടു കൂടിയവൾ. ക്രോധാരുണങ്ങൾ=ക്രോധം ഹെതുവായിട്ടു അരുണങ്ങൾ. ക്രോധം=കൊപം. അരുണങ്ങൾ=അരുണവൎണ്ണങ്ങൾ. കപൊലങ്ങൾ=കവിൾതടങ്ങൾ. അതിഭയംകരം=ഏററവും ഭയങ്കരം. ഭയംകരം=ഭയത്തെ ഉണ്ടാക്കുന്നതു. വരം=ശ്രെഷ്ഠം. ആനനം=മുഖം. ദൃപ്തദൈത്യവധൊദ്യുക്താ=ദൃപ്തദൈത്യവധത്തിന്നായിക്കൊണ്ടു ഉദ്യുക്താ. ദൃപ്തദൈത്യവധം=ദൃപ്തദൈത്യന്മാരുടെ വധം. ദൃപ്തദൈത്യന്മാർ=ദൃപ്തന്മാരായിരിക്കുന്ന ദൈത്യന്മാർ. ദൃപ്തന്മാർ=ഗൎവ്വിതന്മാർ. ദൈത്യന്മാർ=അസുരന്മാർ. വധം=നിഗ്രഹം. ഉദ്യുക്താ=ഉത്സാഹിച്ചവൾ. (ശെഷം മെൽപ്രകാരം.)

സാരം — കൊപം ഹെതുവായിട്ടു അല്പമായി ചുവന്ന കവിൾതടങ്ങളൊടു കൂടിയതായിയും ഏററവും ഭയത്തെ ഉണ്ടാക്കുന്നതായിയും ശ്രെഷ്ഠമായിയുമിരിക്കുന്ന മുഖത്തൊടു കൂടിയവളായിയും ഗൎവ്വത്തൊടുകൂടിയവരായിരിക്കുന്ന അസുരന്മാരെ നിഗ്രഹിപ്പാൻ ഉത്സാഹിച്ചവളായിയുമിരിക്കുന്ന ഭദ്രകാളിഎന്നദെവിയെ ഞങ്ങൾ സെവിക്കുന്നു.

൭· നാനൊപഹാരൈരാസാദ്യ സെന്ദ്രൈൎദ്ദെവൈഃ പ്രപൂജിതാം। സമൎപ്പിതവരാം സത്സു ഭദ്രകാളീമുപാസ്മഹെ॥

അന്വയം — വയം-നാനൊപഹാരൈഃ-ആസാദ്യ-സെന്ദ്രൈഃ-ദെവൈഃ-പ്രപൂജിതാം-സത്സു-സമൎപ്പിതവരാം-ഭദ്രകാളീം- ഉപാസ്മഹെ-

അന്വയാൎത്ഥം — ഞങ്ങൾ നാനൊപഹാരങ്ങളൊടു കൂടെ ആസാദിച്ചിട്ടു സെന്ദ്രന്മാരായിരിക്കുന്ന ദെവന്മാരാൽ പ്രപൂജിതയായി സത്തുകളിൽ സമൎപ്പിതവരയായിരിക്കുന്ന ഭദ്രകാളിയെ ഉ

പാസിക്കുന്നു.

പരിഭാഷാ—നാനോപഹാരങ്ങൾ=നാനാവിധങ്ങളായിരിക്കുന്നഉപഹാരങ്ങൾ. നാനാവിധങ്ങൾ=ബഹുവിധങ്ങൾ. ഉപഹാരങ്ങൾ=കാഴ്ചദ്രവ്യങ്ങൾ. ആസാദിക്ക=പ്രാപിക്ക. സേന്ദ്രന്മാർ= ഇന്ദ്രനോടുകൂടിയവർ. പ്രപൂജിതാ= പൂജിക്കപ്പെട്ടവൾ. സത്തുകൾ=സജ്ജനങ്ങൾ. സമൎപ്പിതവരാ=സമൎപ്പിതങ്ങളായിരിക്കുന്ന വരങ്ങളോടുകൂടിയവൾ. സമൎപ്പിതങ്ങൾ=സമൎപ്പിക്കപ്പെട്ടവ. സമൎപ്പിക്ക=വഴിപോലെഅൎപ്പിക്ക. അൎപ്പിക്ക=ദാനംചെയ്ക. വരങ്ങൾ=അപേക്ഷിക്കപ്പെട്ട വസ്തുക്കൾ. (ശേഷംമേൽപ്രകാരം).

സാരം—അസുരന്മാരെ നിഗ്രഹിച്ചപ്പോൾ ഉണ്ടായ സന്തോഷം ഹേതുവായിട്ടു അനേകങ്ങളായിരിക്കുന്ന കാഴ്ചദ്രവ്യങ്ങളോടുകൂടെ സമീപത്തെ പ്രാപിച്ചിട്ടു ഇന്ദ്രാദിദേവന്മാരാൽ പൂജിക്കപ്പെട്ടവളായിയും സജ്ജനങ്ങൾക്കു സൎവ്വാഭീഷ്ടദാനത്തെ ചെയ്യുന്നവളായിയുമിരിക്കുന്ന ഭദ്രകാളിഎന്ന ദേവിയെ ഞങ്ങൾ സേവിക്കുന്നു.

വൃ. സൎവ്വേഷാമപിഭാവാനാംജനനീംസൎവ്വതോമുഖീം। സൎവ്വവന്ദ്യാമനാദ്യന്താം ഭദ്രകാളീമുപാസ്മഹെ॥

അന്വയം—വയം-സൎവ്വേഷാം-ഭാവാനാം-അപി-ജനനീം-സൎവ്വതോമുഖീം-സൎവവന്ദ്യാം- അനാദ്യന്താം-ഭദ്രകാളീം-ഉപാസ്മഹെ-

അന്വയാൎത്ഥം—ഞങ്ങൾ സൎവങ്ങളായിരിക്കുന്ന ഭാവങ്ങളുടെയും ജനനിയായി സൎവതോമുഖിയായി സൎവവന്ദ്യയായി അനാദ്യന്തയായിരിക്കുന്ന ഭദ്രകാളിയെ ഉപാസിക്കുന്നു.

പരിഭാഷാ—സൎവങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ. ഭാവങ്ങൾ=വസ്തുക്കൾ. ജനനീ=മാതാവു. സൎവ്വതോമുഖീ=സൎവങ്ങളിലുംമുഖത്തോടുകൂടിയവൾ. സൎവ്വങ്ങൾ=സൎവദിക്കുകൾ. സൎവവന്ദ്യാ=സൎവന്മാരാൽവന്ദ്യാ. സൎവന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ. വന്ദ്യാ=വന്ദിക്കപ്പെടുവാൻയോഗ്യാ. വന്ദിക്ക=സ്തുതിക്ക. അനാദ്യന്താ=ആദ്യന്തങ്ങളോടുകൂടാത്തവൾ. ആദ്യന്തങ്ങൾ=ആദിയും അന്തവും-അന്തം=അവസാനം. (ശേഷംമേൽപ്രകാരം).

സാരം—സൎവവസ്തുക്കളെയും ജനിപ്പിച്ചവളായിയും സൎവ്വദിക്കുകളിലും മുഖത്തോടു കൂടിയവളായിയും എല്ലാവൎക്കും വന്ദിക്കപ്പെടുവാൻ യോഗ്യയായിയും ആദിയോടും അവസാനത്തോടുംപ ...ത്തവളായിയുമിരിക്കുന്ന ഭദ്രകാളി എന്ന ദേവിയെ ഞങ്ങ

ളുപാസിക്കുന്നു.

൯. യോമൎത്ത്യഃപ്രജപെദിത്ഥംഭദ്രകാള്യഷ്ടകംശുചിഃ। പ്രത്യഹന്തസ്യസൎവ്വേഷ്ടസിദ്ധിസ്സ്യാദചിരാദിഹ॥

അന്വയം — യഃ- മൎത്ത്യഃ-ഇത്ഥം-ഭദ്രകാള്യഷ്ടം-പ്രത്യഹം-ശുചിഃ-പ്രജപെൽ-തസ്യ-ഇഹ-അചിരാൽ- സൎവ്വാൎത്ഥസിദ്ധിഃ-സ്യാൽ.

അന്വയാൎത്ഥം — യാതൊരു മൎത്ത്യൻ ഇപ്രകാരം ഭദ്രകാള്യഷ്ടകത്തെ അഹസ്സിങ്കൽ അഹസ്സിങ്കൽ ശുചിയായിട്ടു ജപിക്കുമൊ അവന്നു ഇവിടെ അധികമായ താമസത്തോടു കൂടാതെ സൎവ്വാൎത്ഥസിദ്ധി ഭവിക്കും.

പരിഭാഷാ — മൎത്ത്യൻ=മനുഷ്യൻ. അഹസ്സ്=ദിവസം. ശുചി=ശുദ്ധൻ. സൎവ്വാൎത്ഥസിദ്ധി=സൎവ്വപ്രയോജനലാഭം.

സാരം — യാവനൊരുത്തൻ ദിനംതോറും ശുദ്ധനായിട്ടു ഇപ്രകാരം ഭദ്രകാള്യഷ്ടകത്തെ ജപിക്കുന്നുവൊ അവന്നു ഇവിടെ വെണ്ടതൊക്കയും സുലഭമാകുന്നു.

ഇതി വാദ്ധ്യാനൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതഭദ്രകാള്യഷ്ടകസ്തോത്രംസവ്യാഖ്യായാസഹസമാപ്തം.